04
2024
ഡിസംബർ
ബുധൻ
വൃശ്ചികം 16

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No.20 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-20 | പേജ് 4. വില 2.00 രൂപ

02 ഹിമാലയൻ താഴ്‌വരയിൽ വിഷവായു ശ്വസിക്കാൻ നിർബന്ധിതരായി ജനങ്ങൾ

03 ബലാത്സംഗക്കേസുകളിലെ മുൻകൂർ ജാമ്യം ഇരകളുടെ വാദം കേൾക്കും

04 കളർകോട് അപകടം; കെഎസ്ആർടിസി ഡ്രൈവർക്കെതിരെ കേസ്

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ആദ്യഘട്ടം പൂർത്തിയായി

# വാണിജ്യാടിസ്ഥാനത്തിൽ ഇനി പ്രവർത്തിക്കും



തിരുവനന്തപുരം: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ഇന്ന് മുതൽ വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കും. ട്രയൽ റൺ കാലയളവ് പൂർത്തിയായതോടെയാണ് ഓപ്പറേഷൻസ് തുടങ്ങുന്നത്. ഇതിനകം തന്നെ വലിയ മത്സര ക്ഷമത കാഴ്ചവെച്ചാണ് അന്താരാഷ്ട്ര തുറമുഖ മേഖലയിൽ വിഴിഞ്ഞം ഇടമുറപ്പിക്കുന്നത്. അടുത്ത നാല് വർഷത്തിനകം 10, 000 കോടി രൂപയുടെ നിക്ഷേപമിറക്കി പദ്ധതി പൂർത്തിയാക്കാനാണ് അധാനി പോർട് അധികൃതരും സർക്കാരും തമ്മിലുണ്ടാക്കിയ ധാരണ.

ലോകത്തെ വൻകിട ഷിപ്പിംഗ് കമ്പനിയായ മെഡിറ്ററേനിയൻ ഷിപ്പിംഗ് കമ്പനി അവരുടെ ഏഷ്യാ യൂറോപ്പ് സ്ഥിരം ചരക്ക് പാതയിൽ വിഴിഞ്ഞത്തെ ഉൾപ്പെടുത്തുക കൂടി ചെയ്തതോടെ നിലവിലുള്ള സൗകര്യങ്ങൾ മതിയാകാത്ത അവസ്ഥയുമുണ്ട് വിഴിഞ്ഞത്ത്. കടൽ വഴിയുള്ള ചരക്ക് ഗതാഗതം മാത്രമാണിപ്പോൾ നടക്കുന്നത്. ഗേറ്റ് വേ കാർഗോ ക്ക് റെയിൽ റോഡ് കണക്ടിവിറ്റി ഉറപ്പിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. തുറമുഖ കവാടത്തിൽ നിന്നുള്ള സർവീസ് റോഡിനെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്നതിന് ക്ലോവർലീഫ് മാതൃകയിലുള്ള പദ്ധതിയും ബാലരാമപുരത്തേക്ക് നീളുന്ന ഭൂഗർഭ റെയിൽപാതയും വിവിധ അനുമതികൾ കാത്തിരിക്കുകയാണ്.

വിഴിഞ്ഞം കണ്ടെയിൻമെന്റ് ട്രാൻഷിപ്പ്മെന്റ് തുറമുഖം ആദ്യഘട്ടം പൂർണ്ണ സജ്ജമെന്ന് തുറമുഖ വകുപ് മന്ത്രി വി.എൻ വാസവൻ പറഞ്ഞു.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ആദ്യഘട്ട പ്രവർത്തനങ്ങൾ ഔദ്യോഗികമായി പൂർത്തീകരിച്ചു. അഞ്ചു മാസം നീണ്ട ട്രയൽ റൺ ഘട്ടത്തിൽ തന്നെ വിഴിഞ്ഞം ലോകത്തിനു മുന്നിൽ കരുത്തു തെളിയിച്ചു കഴിഞ്ഞു. ഇതിന്റെ ഭാഗമായി അൾട്രാ ലാർജ് മദർഷിപ്പുകൾ ഉൾപ്പെടെ 70 ചരക്ക് കപ്പലുകൾ എത്തുകയും 1.47 ലക്ഷം കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുകയും ചെയ്തു.

വിഴിഞ്ഞം ഇൻറർനാഷണൽ സിപോർട്ട് ലിമിറ്റഡ്, , അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി മദ്രാസ് തുടങ്ങിയ ഏജൻസികൾ സംയുക്തമായി എഗ്രിമെൻറ് പ്രകാരമുള്ള എല്ലാ നടപടികളും പൂർത്തീകരിച്ചു.

ഒന്നാം ഘട്ട നിർമാണവും ക്രമീകരണങ്ങളും പൂർത്തിയാക്കിയതിന്റെ പ്രൊവിഷണൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് നാളെ കൈമാറും. തുറമുഖത്തിന്റെ പ്രവർത്തനം കേരളത്തിന്റെ അന്താരാഷ്ട്ര വ്യാപാരത്തിൽ ഗണ്യമായ മാറ്റത്തിന് വഴി തുറക്കും. ഈ നേട്ടം സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചക്കും കുതിപ്പു പകരും.

## മാസപ്പടികേസ്; രണ്ടാഴ്ചക്കകം എസ്എഫ്ഐഒ റിപ്പോർട്ട് നൽകും

ന്യൂഡൽഹി: വീണാ വിജയനുമായി ബന്ധപ്പെട്ട മാസപ്പടി ക്കേസിൽ അന്വേഷണം അവസാന ഘട്ടത്തിലെന്ന് എസ്എഫ്ഐഒ. ഡൽഹി ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാംഗ്മൂലത്തിലാണ് ഇക്കാര്യം പറയുന്നത്.

രണ്ടാഴ്ചക്കകം കേസിലെ അന്വേഷണ റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിക്കും. അന്വേഷണത്തിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ മകൾ വീണാ വിജയൻ അടക്കം 20 പേരുടെ മൊഴി എടുത്തു. സിഎംആർഎല്ലിന്റെ ഹർജി തള്ളണമെന്നും എസ്എഫ്ഐഒ സത്യവാംഗ്മൂലത്തിൽ ആവശ്യപ്പെടുന്നു.

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേസെടുക്കണോ എന്നതിൽ കേന്ദ്രമാണ് തീരുമാനം എടുക്കേണ്ടതെന്ന് എസ്എഫ്ഐഒ വ്യക്തമാക്കി. സ്വതന്ത്ര അന്വേഷണമാണ് നടത്തുന്നതെന്നും ആദായ നികുതി സെറ്റിൽമെൻറ് കമ്മീഷന്റെ ഉത്തരവിനെ അടിസ്ഥാനപ്പെടുത്തിയല്ല അന്വേഷണമെന്നും സത്യവാംഗ്മൂലത്തിൽ പറയുന്നു.

## കളർകോട് അപകടം; മോട്ടർ വാഹന വകുപ്പ് റിപ്പോർട്ട് സമർപ്പിച്ചു

ആലപ്പുഴ: കളർകോടിലുണ്ടായ വാഹനാപകടത്തിൽ അഞ്ച് മെഡിക്കൽ വിദ്യാർഥികൾ മരിച്ച സംഭവത്തിൽ മോട്ടർ വാഹന വകുപ്പ് ട്രാൻസ്പോർട്ട് കമ്മീഷണർക്ക് റിപ്പോർട്ട് സമർപ്പിച്ചു. അപകടത്തിന് ഇടയാക്കിയത് നാലുകാരണങ്ങളാണെന്ന് റിപ്പോർട്ടിൽ പറയുന്നു.

മഴ മൂലമുണ്ടായ റോഡിലെ വെള്ളത്തിന്റെ സാന്നിധ്യവും വെളിച്ചക്കുറവും അപകടത്തിന് കാരണമായി. ഏഴു പേർ യാത്ര ചെയ്യേണ്ട ടവേര വാഹനത്തിൽ 11 പേർ യാത്ര ചെയ്തത് അപകടത്തിന്റെ ആഘാതം വർധിപ്പിച്ചുവെന്നും റിപ്പോർട്ടിലുണ്ട്.

ടവേര വാഹനം ഓടിച്ചയാൾക്ക് ലൈലൻസ് നേടി അഞ്ചു മാസം മാത്രമാണ് ഡ്രൈവിംഗ് പരിചയമുള്ളത്. വാഹനം തെന്നിയപ്പോൾ നിയന്ത്രണത്തിലാക്കാൻ ഇയാൾക്ക് സാധിച്ചില്ല. വാഹനത്തിന് 14 വർഷം പഴക്കമുണ്ട്.

സുരക്ഷ സംവിധാനങ്ങളായ ആൻറി ലോക്ക് ബ്രേക്ക് സിസ്റ്റം, ഇലക്ട്രോണിക് ബ്രേക്ക് ഡിസ്ട്രിബ്യൂഷൻ എന്നിവ ഇല്ലാത്തതിനാൽ വാഹനം ബ്രേക്ക് ചെയ്തപ്പോൾ തെന്നി നീങ്ങി നിയന്ത്രണം നഷ്ടപ്പെട്ടത് തീവ്രത കൂട്ടിയെന്നും റിപ്പോർട്ടിൽ പറയുന്നു.

മോട്ടർ വാഹന വകുപ്പ് നടത്തിയ സാങ്കേതിക പരിശോധനയുടെ അടിസ്ഥാനത്തിലാണ് റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത്.

## കാറിൽ സഞ്ചരിച്ച യുവതിയെ തീ കൊളുത്തി കൊന്നു; ഭർത്താവ് കസ്റ്റഡിയിൽ



കൊല്ലം: കാറിൽ പോവുകയായിരുന്ന യുവതിയെയും യുവാവിനെയും പെട്രോൾ ഒഴിച്ച് തീകൊളുത്തി. ചൊവ്വാഴ്ച രാത്രി ഒന്പതിനുണ്ടായ സംഭവത്തിൽ കൊട്ടിയം തഴുത്തല സ്വദേശി അനില മരിച്ചു.

സംഭവത്തിൽ അനിലയുടെ ഭർത്താവ് പത്മരാജനെ ഈസ്റ്റ് പോലീസ് കസ്റ്റഡിയിൽ എടുത്തു. പൊള്ളലേറ്റ സോണി എന്ന യുവാവിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പ്രതിയെ പോലീസ് ചോദ്യം ചെയ്ത് വരികയാണ്.

ഒമ്നി വാനിലെത്തിയ പത്മരാജൻ അനിലയും സോണിയും സഞ്ചരിച്ച കാറിനെ വഴിയിൽ തടഞ്ഞ് വാഹനത്തിലേക്ക് പെട്രോളൊഴിച്ച് തീകൊളുത്തുകയായിരുന്നു. കൊല്ലം നഗരത്തിലെ ബേക്കറിയുടെ ഉടമയാണ് അനില.

ഇവരെയും സ്ഥാപനത്തിലെ പങ്കാളിയായ യുവാവിനെയും ലക്ഷ്യമിട്ടായിരുന്നു ആക്രമണം എന്നാണ് പോലീസിന് ലഭിച്ചിരിക്കുന്ന വിവരം. എന്നാൽ പത്മരാജൻ ലക്ഷ്യമിട്ടയാളല്ല കാറിൽ ഉണ്ടായിരുന്നതെന്ന് പോലീസ് പറഞ്ഞു.

രണ്ട് വാഹനങ്ങളും പൂർണമായും കത്തിനശിച്ചു. പോലീസും ഫയർ ഫോഴ്സും എത്തി തീയണച്ച ശേഷമാണ് അനിലയെ ആശുപത്രിയിലേക്ക് കൊണ്ടുപോയത്.

## 6 പള്ളികൾ ഓർത്തഡോക്സിന് കൈമാറണം: സുപ്രീം കോടതി

ന്യൂഡൽഹി : തർക്കത്തിലുള്ള 6 പള്ളികൾ യാക്കോബായ വിഭാഗം ഓർത്തഡോക്സ് വിഭാഗത്തിനു കൈമാറണമെന്ന് സുപ്രീം കോടതി ഉത്തരവിട്ടു. ഭരണച്ചുമതല സംബന്ധിച്ച 2017ലെ വിധി നടപ്പാക്കാതെ യാക്കോബായ വിഭാഗത്തിന്റെ മറ്റു വാദങ്ങൾ കേൾക്കില്ലെന്നും വ്യക്തമാക്കി.

എറണാകുളം ജില്ലയിൽ മഴുവന്നൂർ സെന്റ് തോമസ്, ഓടക്കാലി സെന്റ് മേരീസ്, പുളിന്താനം സെന്റ് ജോൺസ് ബെസ്ഫാഗെ പള്ളികളും പാലക്കാട് ജില്ലയിൽ ചെറുകുന്നം സെന്റ് തോമസ്, മംഗലം ഡാം സെന്റ് മേരീസ്, എരിക്കുംചിറ സെന്റ് മേരീസ് പള്ളികളുമാണ് കൈമാറേണ്ടത്. ഇവ കൈമാറിയെന്നു വ്യക്തമാക്കി സത്യവാങ്മൂലം നൽകണമെന്നും വീഴ്ച വരുത്തിയാൽ ഗുരുതര പ്രത്യാഘാതമുണ്ടാകുമെന്നും ജസ്റ്റിസുമാരായ സൂര്യ കാന്ത്, ഉജ്വൽ ഭുയാൻ എന്നിവരുടെ ബെഞ്ച് വ്യക്തമാക്കി.

അതേസമയം, 1934ലെ ഭരണഘടനയ്ക്ക് അനുസൃതമായി ഈ പള്ളി സെമിത്തേരികളിലും വിവിധ സ്ഥാപനങ്ങളിലും ഒരു വിഭാഗത്തിൽപെട്ടവരെയും വിലക്കില്ലെന്ന് ഓർത്തഡോക്സ് വിഭാഗവും രേഖാമൂലം അറിയിക്കണം. കോടതിയുടെ അനുമതിയോടെ മാത്രമേ നിയന്ത്രണങ്ങളാകാവൂ.

കേസ് ഇനി 17നു പരിഗണിക്കും. ക്രിസ്മസിനു ശേഷം പരിഗണിക്കണമെന്നു യാക്കോബായ വിഭാഗം ആവശ്യപ്പെട്ടപ്പോൾ ഇരുകൂട്ടരും സമാധാനത്തിലും സാഹോദര്യത്തിലും ക്രിസ്മസ് ആഘോഷിക്കുമെന്നു കരുതുന്നതായി കോടതി പറഞ്ഞു. കോടതിയലക്ഷ്യ നടപടികളിൽ ഹൈക്കോടതിയിൽ നേരിട്ട് ഹാജരാകുന്നതിൽനിന്ന് ഉന്നത ഉദ്യോഗസ്ഥർക്ക് അനുവദിച്ച ഇളവു തുടരും.

മലങ്കര സഭയ്ക്കു കീഴിലുള്ള പള്ളികൾ 1934ലെ ഭരണഘടനപ്രകാരം വേണം ഭരണം നടത്തേണ്ടതെന്ന 2017ലെ വിധി നടപ്പാക്കാൻ ബോധപൂർവം തയാറാകാത്ത യാക്കോബായ വിഭാഗത്തിന്റെ നടപടി കോടതിയലക്ഷ്യമാണെന്നു വാദത്തിനിടെ ബെഞ്ച് നിരീക്ഷിച്ചു. 2017ലെ വിധിക്കുശേഷം നൽകിയ പല പ്രത്യേകാനുമതി ഹർജികളും സുപ്രീം കോടതിയുടെ പരിഗണനയിലാണെന്നു യാക്കോബായ പക്ഷം ചൂണ്ടിക്കാട്ടിയെങ്കിലും ശേഷിക്കുന്ന ഏക വിഷയം ആ വിധി നടപ്പാക്കുന്നതു മാത്രമാണെന്നു കോടതി ചൂണ്ടിക്കാട്ടി.

## വ്യാജ വിസ; കെനിയൻ സ്വദേശിനി അറസ്റ്റിൽ

കൊച്ചി: വ്യാജ വിസയിൽ കൊച്ചിയിലെത്തിയ കെനിയൻ യുവതി അറസ്റ്റിൽ. കാലാവധി പൂർത്തിയായ വിസ തിരുത്തി വ്യാജ വിസയുണ്ടാക്കി എത്തിയ മെർലിൻ (36)നെയാണ് എറണാകുളം നോർത്ത് പോലീസ് അറസ്റ്റ് ചെയ്തത്.

ചികിത്സയ്ക്കായിട്ടാണ് ഇവർ കൊച്ചിയിൽ എത്തിയത്. എറണാകുളം നോർത്ത് റെയിൽവേ സ്റ്റേഷനു സമീപത്തെ ഹോട്ടലിൽ മുറിയെടുക്കാനെത്തിയപ്പോഴാണ് കുടുങ്ങിയത്. പാസ്പോർട്ടിന് കാലാവധി ഉണ്ടെയെങ്കിലും വിസ വ്യാജമായിരുന്നു.

തുടർന്ന് നോർത്ത് പോലീസ് ഇവരെ കസ്റ്റഡിയിലെടുത്തു. പോലീസ് വിവരം അറിയിച്ചതിനെ തുടർന്ന് ഫോറിനേഴ്സ് റീജണൽ രജിസ്ട്രേഷൻ ഓഫീസിൽ (എഫ്ആർആർഒ) നിന്നുള്ള സംഘം എത്തി പാസ്പോർട്ടും വിസയും പരിശോധിച്ചു.

വിസ വ്യാജമാണെന്ന് കണ്ടെത്തിയതോടെ ഇവരുടെ അറസ്റ്റ് രേഖപ്പെടുത്തുകയായിരുന്നു.

## അവിശ്വാസം; പന്തളം നഗരസഭ അധ്യക്ഷയും ഉപാധ്യക്ഷയും രാജിവച്ചു

പത്തനംതിട്ട: ബിജെപി ഭരിക്കുന്ന പന്തളം നഗരസഭയിൽ അധ്യക്ഷയും ഉപാധ്യക്ഷയും രാജിവച്ചു. ചെയർപേഴ്സൺ സുശീല സന്തോഷും ഉപാധ്യക്ഷ യു. രമ്യയുമാണ് രാജിവച്ചത്. മൂന്ന് വിമത ബിജെപി അംഗങ്ങളെ കൂട്ടുപിടിച്ച് എൽഡിഎഫ് കൊണ്ടുവന്ന അവിശ്വാസം ബുധനാഴ്ച പരിഗണിക്കാനിരിക്കെയാണ് രാജി.

എൽഡിഎഫിന്റെ അവിശ്വാസത്തിന് യുഡിഎഫ് പിന്തുണ പ്രഖ്യാപിച്ചിരുന്നു. രാജി പ്രഖ്യാപനത്തിന് പിന്നാലെ പന്തളത്ത് എൽഡിഎഫ് പടക്കം പൊടിച്ച് ആഘോഷിച്ചു. രാജി ജനാധിപത്യത്തിന്റെ വിജയമെന്ന് യുഡിഎഫ് അംഗങ്ങളും പറഞ്ഞു. പാർട്ടി രാജി ആവശ്യപ്പെട്ടിട്ടില്ലെന്ന് ബിജെപി ജില്ലാ പ്രസിഡൻറ് വി. എസ്. സൂരജ് പറഞ്ഞു. പാലക്കാടിന് പുറമെ ബിജെപി ഭരിക്കുന്ന ഏക നഗരസഭയാണ് പന്തളം. ആകെയുള്ള 33 സീറ്റിൽ ബിജെപി 18,യുഡിഎഫ് അഞ്ച്, എൽഡിഎഫ് ഒമ്പത്, സ്വതന്ത്രൻ ഒന്ന് എന്നിങ്ങനെയാണ് കക്ഷിനില.



# എം.എം.ലോറൻസിന്റെ മൃതദേഹം കൈമാറുന്നതിലെ തർക്കം: മധ്യസ്ഥനെ നിയോഗിക്കാൻ നിർദേശിച്ച് ഹൈക്കോടതി

കൊച്ചി: അന്തരിച്ച മുതിർന്ന സിപിഎം നേതാവ് എം. എം. ലോറൻസിന്റെ മൃതദേഹം മെഡിക്കൽ പഠനത്തിനായി വിട്ടുനല്കുന്നതുമായി ബന്ധപ്പെട്ട് കുടുംബാംഗങ്ങൾ തമ്മിലുള്ള തർക്കം പരിഹരിക്കുന്നതിന്റെ ഭാഗമായി മധ്യസ്ഥനെ നിയോഗിക്കാൻ ഹൈക്കോടതി നിർദേശം.

മൃതദേഹം മെഡിക്കൽ പഠനത്തിനായി വിട്ടുനല്കാൻ അനുമതി നൽകിയ സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെ മകൾ ആശ ലോറൻസ് നൽകിയ അപ്പീലിലാണ് ഡിവിഷൻ ബെഞ്ച് ഇക്കാര്യം നിർദേശിച്ചത്. പ്രശ്നം രമ്യമായി പരിഹരിക്കണമെന്നും മരിച്ചയാളോട് കുറച്ചെങ്കിലും ബഹുമാനം കാണിക്കണമെന്നും ചീഫ് ജസ്റ്റീസ് നിതിൻ ജാംദാർ, ജസ്റ്റീസ് എസ്. മനു എന്നിവർ ഉൾപ്പെട്ട ബെഞ്ച് വാദത്തിനിടെ പറഞ്ഞു.

എം. എം. ലോറൻസിന്റെ മക്കളായ ആശാ ലോറൻസും സുജാതയും സമർപ്പിച്ച ഹർജി അടുത്ത തിങ്കളാഴ്ച പരിഗണിക്കാനായി മാറ്റി. മധ്യസ്ഥതയ്ക്ക് ആരു വേണമെന്ന് അന്ന് തീരുമാനിച്ച് അറിയിക്കണമെന്നും ഹർജിക്കാരോട് നിർദേശിച്ചിട്ടുണ്ട്. ഇരുപക്ഷവും നിലപാട് അറിയിച്ച ശേഷമാകും കോടതി ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുക. മൃതദേഹം കൊച്ചി മെഡിക്കൽ കോളജിൽ ഫോർമാലിൻ ലായിനിയിൽ സൂക്ഷിച്ചിരിക്കുകയാണെന്ന് ഹർജി പരിഗണിക്കവേ സർക്കാർ അറിയിച്ചിരുന്നു. പിതാവിന്റെ മൃതദേഹം മതാചാരപ്രകാരം സംസ്കരിക്കാനായി വിട്ടുനൽകണമെന്നാണ് ഹർജിക്കാരിയുടെ ആവശ്യം. എന്നാൽ മൃതദേഹം മെഡിക്കൽ പഠനത്തിന് വിട്ടുനൽകണമെന്നായിരുന്നു ലോറൻസിന്റെ ആഗ്രഹമെന്ന് മകൻ എം. എൽ. സജീവ് വ്യക്തമാക്കിയിരുന്നു. ഇതിന് സാക്ഷികളേയും ഹാജരാക്കിയ സാഹചര്യത്തിലായിരുന്നു മൃതദേഹം മെഡിക്കൽ കോളജിന് കൈമാറാൻ സിംഗിൾബെഞ്ച് ഉത്തരവിട്ടിരുന്നത്. എന്നാൽ കുടുംബവുമായി ബന്ധപ്പെട്ട എല്ലാ ചടങ്ങുകളും പള്ളികളിലാണ് നടന്നതെന്നടക്കം ചൂണ്ടിക്കാട്ടിയാണ് ആശ അപ്പീൽ നൽകിയത്.

# വെങ്ങാനൂർ പഞ്ചായത്തിൽ ഭിന്നശേഷി സൗഹൃദഗ്രാമം പരിപാടിക്ക് തുടക്കം

വിഴിഞ്ഞം: കേരളത്തിൽ ആദ്യമായി ഭിന്നശേഷിക്കാരായ കുട്ടികൾക്കായി ബഡ്സ് സ്കൂൾ ആരംഭിച്ച് മാതൃകയായ വെങ്ങാനൂർ പഞ്ചായത്തിൽ ഭിന്നശേഷി സൗഹൃദഗ്രാമം പരിപാടിക്ക് തുടക്കം.

പഞ്ചായത്ത് പരിധിയിലെ താമസക്കാരായ അറുന്നോളം ഭിന്നശേഷിക്കാരായ ആളുകളെ ഉൾപ്പെടുത്തി പത്തു മുതൽ ഇരുപത് വരെയുള്ള പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു സംഘടനാസംവിധാനത്തിന് കീഴിലായി പ്രവർത്തനം ആരംഭിക്കുകയാണ് നിലവിലെ ലക്ഷ്യം.

ഇത്തരത്തിലുള്ള 25 അയൽക്കൂട്ടങ്ങളാണ് രൂപീകരിച്ചിട്ടുള്ളത്. ഇതോടൊപ്പം വീടുകളും സ്ഥാപനങ്ങളും പൊതുഇടങ്ങളും ഭിന്നശേഷി സൗഹൃദമാക്കും. ഇവരുടെ കലാകായിക സർഗവാസനങ്ങളെ കണ്ടെത്തി പരിപോഷിപ്പിക്കും.

പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികൾക്കും രക്ഷിതാക്കൾക്കും തൊഴിൽ പരിശീലനവും തൊഴിൽ ശാലയും വിപണന സംവിധാനവും ആരംഭിക്കും.

2025– 26 ലെ ബഡ്ജറ്റ് ഭിന്നശേഷി സൗഹൃദ ബഡ്ജറ്റ് ആയിരിക്കും. ഇന്നലെ നടന്ന 'വിസ്മയം' ഭിന്നശേഷി സൗഹൃദ പരിപാടിയുടെ ഉദ് ഘാടനം ജില്ലാ പ്രിൻസിപ്പൽ സെക്ഷൻ മുൻ ജഡ്ജും ഭിന്നശേഷി മുൻ കമ്മീഷണറുമായ ജസ്റ്റീസ് എസ്.എച്ച്. പഞ്ചാപകേശൻ നിർവഹിച്ചു.

പഞ്ചായത്ത് പ്രസിഡൻറ് ആർ.എസ്. ശ്രീകുമാർ അധ്യക്ഷത വഹിച്ചു. ഭിന്നശേഷി ദിന സന്ദേശവും കലാകായിക മത്സരങ്ങളുടെ ഉദ്ഘാടനവും ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ ചെയർപേഴ്സൺ അഡ്വ. ജയാഡാളി നിർവഹിച്ചു.

മതമൈത്രീ സംഗീതജ്ഞനും സംഗീത സംവിധായകനുമായ ഡോ. വാഴമുട്ടം ചന്ദ്രബാബു, പാഡ്സ് ജയകുമാർ, അതിയന്നൂർ സിഡിപിഒ ശിവപ്രിയ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് റാണി, ജില്ലാ പഞ്ചായത്തം ഭഗത് റൂഫസ്, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ ജയ നളിനാക്ഷൻ, കെ.എസ്. രാജൻ, ജയകുമാരി, പഞ്ചായത്ത് അംഗങ്ങളായ ചിത്ര ലേഖ, രമപ്രിയ, അഷ്ടപാലൻ, ഗീതാ മുരുകൻ, അജിതാ ശശിധരൻ, സുഗന്ധി മോഹൻ, പ്രമീള, മിനി വേണുഗോപാൽ, മനോജ്, സുനിതാ ബിനു, രാധാകൃഷ്ണൻ, കുടുംബശ്രീ ചെയർപേഴ്സൺ അനിത, ഐസിഡിഎസ് സൂപ്പർവൈസർ കവിത, ബഡ്സ് സ്കൂൾ പ്രിൻസിപ്പൽ ധന്യ തുടങ്ങിയവർ സംസാരിച്ചു.

വൈകുന്നേരം നാലുമണിക്ക് സമ്മാനദാനത്തോടുകൂടി പരിപാടികൾ സമാപിച്ചു. വെങ്ങാനൂരിൽ ബഡ്സ് സ്കൂൾ ആരംഭിച്ച ആഗസ്റ്റ് 16 സംസ്ഥാന ബഡ്സ് ദിനമായി പ്രഖ്യാപിച്ചും സർക്കാർ ആദരിച്ചു.

# തീർഥാടകർക്ക് ആശ്വാസം; സന്നിധാനത്തെ ഡോളി സമരം പിൻവലിച്ചു

പത്തനംതിട്ട: ശബരിമല തീർഥാടകരെ പ്രതിസന്ധിയിലാക്കിയ സന്നിധാനത്തെ ഡോളി സമരം പിൻവലിച്ചു. ശബരിമല എഡിഎം അരുൺ എസ്. നായരും ഡോളി തൊഴിലാളി പ്രതിനിധികളും പമ്പയിൽ നടത്തിയ ചർച്ചയ്ക്ക് പിന്നാലെയാണ് സമരം അവസാനിപ്പിച്ചത്.

ഡോളി സർവീസിന് പ്രീപെയ്ഡ് സംവിധാനം ഒരുക്കാനുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ തീരുമാനത്തിൽ പ്രതിഷേധിച്ചാണ് ഡോളി തൊഴിലാളികൾ പണിമുടക്കിയത്. കൂടിയാലോചനകൾ നടത്താതെ പ്രീപെയ്ഡ് ഡോളി സർവീസ് നടപ്പാക്കില്ലെന്ന് അധികൃതർ ഉറപ്പ് നൽകിയെന്നും ഇതിനാലാണ് പണിമുടക്ക് പിൻവലിക്കുന്നതെന്നും തൊഴിലാളി പ്രതിനിധികൾ പറഞ്ഞു. ശബരിമലയിൽ ആകെ 1,576 ഡോളി തൊഴിലാളികളാണുള്ളത്. രാവിലെ പമ്പയിലാണ് ഇവർ സമരം ആരംഭിച്ചത്. ഇതോടെ ഡോളി സർവീസിനെ ആശ്രയിച്ച് സന്നിധാനത്ത് എത്തിയ പ്രായമായവരും ഭിന്നശേഷിക്കാരും വലഞ്ഞു.

പമ്പ, നീലിമല, വലിയ നടപ്പന്തൽ എന്നിവിടങ്ങളിൽ പ്രീപെയ്ഡ് സംവിധാനം ഒരുക്കാനാണ് ദേവസ്വത്തിന്റെ നീക്കം. ഇവിടെ നേരിട്ടോ ഓൺലൈനായോ പണം അടയ്ക്കുന്നവർക്ക് സർവീസ് ലഭ്യമാകും. 80 കിലോ വരെ 4000 രൂപ, 100 കിലോ ഭാരത്തിന് 5000 രൂപ, 100 കിലോയ്ക്ക് മേലെ ഭാരത്തിന് 6000 രൂപ എന്നിങ്ങനെ നിരക്കേർപ്പെടുത്താനാണ് ആലോചന. പ്രീപെയ്ഡ് ആക്കുന്നതോടെ ഓരോ സർവീസിനും 250 രൂപ വീതം ദേവസ്വം അധികമായി ഈടാക്കും. ഡോളി സർവീസുകാർ എതിർപ്പ് പരസ്യമാക്കിയതോടെ അടിസ്ഥാന നിരക്കിൽ ഉൾപ്പെടെ ഇനി മാറ്റം വരുത്തും.

# സംഭൽ സന്ദർശനം: കോൺഗ്രസ് നേതാക്കളെ തടഞ്ഞു

ലഖ്നൗ: സംഘർഷബാധിതമായ സംഭൽ സന്ദർശിക്കാനെത്തിയ കോൺഗ്രസ് സംഘത്തെ പൊലീസ് തടഞ്ഞു. പിസിസി അധ്യക്ഷൻ അജയ് റായുടെ നേതൃത്വത്തിൽ എംഎൽഎമാർ അടങ്ങുന്ന സംഘമാണ് സംഭൽ സന്ദർശനത്തിന് എത്തിയത്. ലക്നൗ പാർട്ടി ഓഫീസിൽ എത്തിയ സംഘത്തിന് സന്ദർശനം മാറ്റിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് യുപി പൊലീസ് നോട്ടീസ് നൽകിയിരുന്നു. തുടർന്ന് സംഭലിലേക്ക് പുറപ്പെട്ട കോൺഗ്രസ് സംഘത്തെ പൊലീസ് തടഞ്ഞു. പോലീസും പ്രവർത്തകരും തമ്മിൽ ഉന്തും തള്ളുണ്ടായി. നേതാക്കൾ നിലത്ത് കുത്തിയിരുന്ന് പ്രതിഷേധിച്ചു. നേരത്തെ സമാജ്‌വാദി പാർട്ടിയുടെ നേതാക്കളുടെ സംഭൽ സന്ദർശനവും പൊലീസ് തടഞ്ഞിരുന്നു.നവംബർ 24നാണ് ഉത്തർപ്രദേശിലെ ഷാഹി ജുമാ മസ്ജിദിൽ സർവേ നടത്തിയതിന് പിന്നാലെ സംഘർഷമുണ്ടായത്. പൊലീസും പ്രതിഷേധക്കാരും തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ നാല് പ്രതിഷേധക്കാർ വെടിയേറ്റ് മരിക്കുകയായിരുന്നു. നിരവധി പൊലീസുകാർക്കും പ്രതിഷേധത്തിൽ പരിക്കേറ്റു.

# മെഡിക്കൽ വിദ്യാർത്ഥികളുടെ മരണം: മുഖ്യമന്ത്രിയുടെ അനുശോചനം

ആലപ്പുഴ ദേശീയപാതയിൽ കളർകോട് വാഹനാപകടത്തിൽ അഞ്ച് മെഡിക്കൽ വിദ്യാർത്ഥികൾ മരണപ്പെട്ട സംഭവം അത്യന്തം വേദനാജനകമാണ്. ആലപ്പുഴ ഗവ. മെഡിക്കൽ കോളേജിലെ ഒന്നാം വർഷ എംബിബിഎസ് വിദ്യാർഥികളായ കണ്ണൂർ സ്വദേശി മുഹമ്മദ് അബ്ദുൾ ജബ്ബാർ, ലക്ഷദ്വീപ് സ്വദേശി മുഹമ്മദ് ഇബ്രാഹിം, മലപ്പുറം സ്വദേശി ദേവാനന്ദൻ, ആലപ്പുഴ സ്വദേശി ആയുഷ് ഷാജി, പാലക്കാട് സ്വദേശി ശ്രീദീപ് എന്നിവർക്കാണ് ജീവൻ നഷ്ടമായത്. ചിലർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. മരണപ്പെട്ടവരുടെ വേർപാടിൽ അനുശോചനം രേഖപ്പെടുത്തുന്നു. കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കു ചേരുന്നു.

# ഹിമാലയൻ താഴ്‌വരയിൽ വിഷവായു ശ്വസിക്കാൻ നിർബന്ധിതരായി ജനങ്ങൾ

ന്യൂഡൽഹി: രൂക്ഷമായ വായുമലിനീകരണം മൂലം വിഷവായു ശ്വസിക്കാൻ നിർബന്ധിതരായി ജനങ്ങൾ. ഇന്തോ ഗംഗാ സമതലങ്ങളിലെയും ഹിമാലയൻ താഴ്‌വരകളിലെയും ജനങ്ങളാണ് വിഷവായു ശ്വസിക്കാൻ നിർബന്ധിതരാകുന്നതെന്ന് കാഠ്മണ്ഡു ആസ്ഥാനമായ ഇന്റർനാഷണൽ സെന്റർ ഫോർ ഇന്റഗ്രേറ്റഡ് മൗണ്ടൻ ഡവലപ്പ്മെന്റിലെ (ഐസിഐഎംഒഡി) ശാസ്ത്രജ്ഞർ നടത്തിയ പഠനം കണ്ടെത്തി.

ന്യൂഡൽഹി, കൊൽക്കത്ത, ധാക്ക, പകിസ്ഥാനിലെ മുൾട്ടാൻ, ലാഹോർ തുടങ്ങിയ നഗരങ്ങളിൽ പുക, മൂടൽമഞ്ഞ്, മൈക്രോ പ്ലാസ്റ്റിക് കണികകൾ അടങ്ങിയ വിഷവായു ശ്വസിക്കേണ്ടതായി വരുന്നു. പിഎം 2.5 മലിനീകരണത്തിന്റെ ഗുരുതരമായ അവസ്ഥയിലൂടെയാണ് ഇന്തോ ഗംഗാ സമതലത്തിലെയും ഹിമാലൻ താഴ്‌വരകൾ കടന്നുപോകുന്നത്. പിഎം 2.5 മൈക്രോമീറ്ററിന്റെ അളവ് ഗംഗാസമതല മേഖയിൽ ലോകരോഗ്യ സംഘടന മാർഗനിർദേശത്തിന്റെ 20 മടങ്ങ് അപകടകരമാണെന്ന് പഠനം വിലയിരുത്തി. പിഎം 2.5 മലിനീകരണമുള്ള വായു ശ്വസിക്കുന്നത് ഗുരുതര രോഗങ്ങളിലേക്ക് നയിക്കും. പരിസ്ഥിതി നാശം, ശ്വാസകേശ രോഗം എന്നിവ വ്യാപകമായി പടർന്നുപിടിക്കും. വായുമലിനീകരണം തുടർച്ചയായ വർഷങ്ങളിൽ ആവർത്തിക്കുന്നത് ഗുരുതരമായ പ്രത്യാഘാതം സൃഷ്ടിക്കും. ഡൽഹിയിലും ലാഹോറിലും വായുമലിനീകരണം കാരണം ജനജീവിതം സ്തംഭിച്ചു കഴിഞ്ഞു. ദക്ഷിണേഷ്യയിൽ ഓരോ വർഷവും വായുമലിനീകരണത്തിന്റെ ഫലമായി ലക്ഷക്കണക്കിന് മരണം സംഭവിക്കുന്നതായും പഠനം വിലയിരുത്തുന്നു. വായുമലിനീകരണം ആഗോള സമ്പദ് വ്യവസ്ഥയെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഇത് ദക്ഷിണേഷ്യൻ രാജ്യങ്ങളുടെ മൊത്ത ആഭ്യന്തര ഉല്പാദനത്തിന്റെ 10 ശതമാനം ഇല്ലാതാക്കുന്നതായും ഐസിഐഎംഒഡി ശാസ്ത്രജ്ഞർ വിലയിരുത്തുന്നു. ഗതാഗതം, വ്യാവസായം, കൃഷി, മാലിന്യം കത്തിക്കൽ, ഗാർഹിക ഖര ഇന്ധന ഉപയോഗം എന്നിവയാണ് ഇന്ത്യ അടക്കമുള്ള രാജ്യങ്ങളിലെ വായു ഗുണനിലവാരം ഇടിക്കുന്നതെന്ന് ഐസിഐഎംഒഡി ആക്ഷൻ ഫോർ ക്ലീൻ എയർ കോഓർഡിനേറ്റർ ബെർട്രന്റ് ബെസഗ്നന്റ് പറഞ്ഞു.

# സെന്തിൽ ബാലാജിയുടെ മന്ത്രിസ്ഥാനം: സുപ്രീം കോടതിക്ക് അതൃപ്തി

ന്യൂഡൽഹി: കള്ളപ്പണം വെളുപ്പിക്കൽ കേസിൽ ജാമ്യം ലഭിച്ച ഉടൻ തന്നെ സെന്തിൽ ബാലാജിയെ തമിഴ്നാട്ടിൽ മന്ത്രിയായി നിയമിച്ചതിൽ സുപ്രീം കോടതിക്ക് അതൃപ്തി. ബാലാജിയുടെ മന്ത്രിസഭയിലേക്കുള്ള നിയമനവുമായി ബന്ധപ്പെട്ട സംഭവ വികാസങ്ങളെക്കുറിച്ച് എടുത്ത് പറഞ്ഞാണ് ബെഞ്ച് അതൃപ്തി പ്രകടിപ്പിച്ചത്.

കേസിലെ പരാതിക്കാരിൽ ഒരാളായ കെ വിദ്യാ കുമാർ സമർപ്പിച്ച ഹർജിയിൽ ബാലാജിയുടെ പ്രതികരണം തേടിയ ബെഞ്ച്, നീതി നടപ്പാക്കുക മാത്രമല്ല, പ്രകടമായി കാണുകയും വേണം എന്നതാണ് അടിസ്ഥാന തത്വം എന്നും വിമർശിച്ചു. ജസ്റ്റിസുമാരായ അഭയ് എസ് ഓക, എജി മാസിഹ് എന്നിവരടങ്ങിയ ബെഞ്ചാണ് ഹർജി പരിഗണിച്ചത്. ജാമ്യം നൽകിയതിന്റെ പിറ്റേന്ന് മന്ത്രിയായി ചുമതലയേറ്റത് എങ്ങനെ ന്യായീകരിക്കാനാകും. ഇത്തരം നടപടികൾ കേസിലെ സാക്ഷികൾക്കുമേൽ സമ്മർദം സൃഷ്ടിക്കില്ലേ' എന്നും കോടതി ചോദിച്ചു. ഇക്കാര്യത്തിൽ സെന്തിൽ ബാലാജിയോട് വിശദീകരണം തേടിയ കോടതി, കേസിൽ വാദം കേൾക്കുന്നത് 13ലേക്ക് മാറ്റി.

# സൗജന്യ പ്ലേസ്മെന്റ് ഡ്രൈവ്

കേന്ദ്ര തൊഴിൽ ഉദ്യോഗ മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന ദേശീയ തൊഴിൽ സേവന കേന്ദ്രം പട്ടികജാതി/ വർഗത്തിൽപ്പെട്ട യുവതികൾക്ക് മാത്രമായി ഡിസംബർ മാസം ഓൺലൈനായി സൗജന്യ പ്ലേസ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കുന്നു. താത്പര്യമുള്ള ഉദ്യോഗാർഥികൾ ഡിസംബർ 11ന് ഉച്ചയ്ക്ക് 1ന് മുമ്പ് https://forms.gle/sdnXVQekxtmQDuhm9 എന്ന ഗൂഗിൾ ലിങ്കിൽ രജിസ്റ്റർ ചെയ്യണം. രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർഥികൾക്ക് ടെലിഫോണിക്ക് ഇന്റർവ്യൂ ഉണ്ടാകും. വിശദവിവരങ്ങൾക്ക് National Career Service Centre for SC/ STs, Trivandrum എന്ന ഫേസ്ബുക്ക് പേജ് സന്ദർശിക്കണം. ഫോൺ: 0471–2332113.

# വീഡിയോ എഡിറ്റിങ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു

സർക്കാർ സ്വയംഭരണസ്ഥാപനമായ കേരള മീഡിയ അക്കാദമിയുടെ കൊച്ചി സെന്ററിൽ ജനുവരി മാസം തുടങ്ങുന്ന വീഡിയോ എഡിറ്റിംഗ് സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. തിയറിയും പ്രാക്ടിക്കലും ഉൾപ്പെടെ ആറുമാസമാണ് കോഴ്സിന്റെ കാലാവധി. 30 പേർക്കാണ് പ്രവേശനം. എഴുത്തുപരീക്ഷയുടേയും, അഭിമുഖത്തിന്റേയും അടിസ്ഥാനത്തിലാണ് പ്രവേശനം. കോഴ്സിന്റെ ഭാഗമായി നൂതന സോഫ്റ്റ്‌വെയറുകളിൽ ഉൾപ്പെടെ പ്രായോഗിക പരിശീലനം നൽകും. സർക്കാർ അംഗീകാരമുള്ള കോഴ്സിന് 34,500 രൂപയാണ് ഫീസ്. പട്ടികജാതി/പട്ടികവർഗ/ഒ.ഇ.സി വിദ്യാർത്ഥികൾക്ക് നിയമപരമായ ഇളവ് ലഭിക്കും.

പ്ലസ് ടു വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് www.keralamediaacademy.org യിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. അപേക്ഷാഫീസ് 300 രൂപ (പട്ടികജാതി, പട്ടികവർഗ, ഒ.ഇ.സി. വിഭാഗക്കാർക്ക് 150 രൂപ). ജി–പേ/ഇ–ട്രാൻസ്ഫർ/ ബാങ്ക് മുഖേന അടച്ച രേഖയും, സർട്ടിഫിക്കറ്റുകളുടെ പകർപ്പും അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 15. കൂടുതൽ വിവരങ്ങൾക്ക്:0484 2422275, 9447607073.

# എംപിമാരുടെ സീറ്റിൽ പേര് പ്രദർശിപ്പിക്കും

ന്യൂഡൽഹി: ലോക്സഭയിലും രാജ്യസഭയിലും പാർലമെന്റംഗങ്ങളുടെ പേരുകൾ അവരുടെ സീറ്റുകൾക്ക് മുന്നിൽ പ്രദർശിപ്പിക്കാൻ തീരുമാനം. പേരിനൊപ്പം എല്ലാ എംപിമാർക്കും നൽകിയിരിക്കുന്ന ഡിവിഷൻ നമ്പറും എഴുതും.

സഭയിൽ ഏതെങ്കിലും വിഷയത്തിൽ വോട്ടെടുപ്പ് നടത്തുമ്പോൾ, ഓരോ എംപിയും വോട്ട് രേഖപ്പെടുത്തുന്നത് സഭയിൽ സ്ഥാപിച്ചിട്ടുള്ള ഇലക്ട്രോണിക് ബോർഡിൽ കാണുന്ന ഡിവിഷൻ നമ്പർ ഉപയോഗിച്ചാണെന്നും അറിയിപ്പിൽ പറയുന്നു. നെയിം പ്ലേറ്റുകൾ സ്ഥാപിക്കുന്ന ജോലികൾ ആരംഭിച്ചതായി ലോക്സഭരാജ്യസഭ സെക്രട്ടേറിയറ്റ് അറിയിച്ചു. ഇവ സ്ഥാപിക്കുന്നതോടെ, അംഗങ്ങളെ എളുപ്പത്തിൽ തിരിച്ചറിയാൻ കഴിയുമെന്നും അറിയിപ്പിൽ പറയുന്നു.

# കൗൺസിൽ യോഗത്തിൽ പങ്കെടുക്കുന്നില്ല; അജിതാ തങ്കപ്പനെ അയോഗ്യയാക്കി

കൊച്ചി: തുടർച്ചയായി കൗൺസിൽ യോഗത്തിൽ പങ്കെടുക്കാത്തതിനെ തുടർന്ന് തൃക്കാക്കര നഗരസഭാ മുൻ ചെയർപേഴ്സൺ അജിതാ തങ്കപ്പനെ കൗൺസിലർ സ്ഥാനത്ത് നിന്നും അയോഗ്യയാക്കി. ഒമ്പത് മാസം തുടർച്ചയായി സ്ഥിരം സമിതി യോഗത്തിൽ അജിതാ തങ്കപ്പൻ പങ്കെടുത്തിരുന്നില്ല. തുടർന്നാണ് നടപടി. അയോഗ്യയാക്കിയ നോട്ടീസ് നഗരസഭാ സെക്രട്ടറി ടി. കെ. സന്തോഷ് അജിതയുടെ വീട്ടിലെത്തി കൈമാറി. മൂന്ന് മാസത്തിലധികം സ്റ്റാൻ!ഡിംഗ് കമ്മിറ്റി യോഗങ്ങളിൽ നിന്ന് വിട്ടുനിൽക്കുന്നത് അയോഗ്യതയ്ക്ക് കാരണമാകുമെന്ന നഗരപാലികാ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് നടപടിയെടുത്തത്. ആരോഗ്യ പ്രശ്നങ്ങളെത്തുടർന്നാണ് യോഗത്തിൽ പങ്കെടുക്കാതിരുന്നതെന്ന് അജിതാ തങ്കപ്പൻ പറയുന്നത്. കഴിഞ്ഞ വർഷം ചെയർപേഴ്സൺ സ്ഥാനത്ത് നിന്ന് ഇവർ രാജിവച്ചിരുന്നു.

# കനിമൊഴിക്കെതിരേ അധിക്ഷേപം: ബിജെപി നേതാവിന് തടവുശിക്ഷ

ചെന്നൈ: ഡിഎംകെ എംപി കനിമൊഴിക്കെതിരേ അധിക്ഷേപ പരാമർശം നടത്തിയ ബിജെപി നേതാവ് എച്ച് രാജയ്ക്ക് തടവ് ശിക്ഷ. 6 മാസത്തേക്കാണ് മദ്രാസ് ഹൈക്കോടതി തടവ് ശിക്ഷ വിധിച്ചത്. കനിമൊഴി കരുണാനിധിയുടെ അവിഹിത സന്തതിയെന്ന എച്ച് രാജയുടെ പരാമർശമാണ് കേസിന് ആസ്പദമായത്.

മാധ്യമപ്രവർത്തകയുടെ കവിളിൽ തൊട്ട സംഭവത്തിൽ ഗവർണർ ഭൻവാരിലാലിനെ പിന്തുണച്ചുകൊണ്ട് രാജ ട്വിറ്ററിലൂടെയാണ് കനിമൊഴിക്കെതിരേ പരാമർശം നടത്തിയത്. "ഗവർണറോട് ചോദിച്ച ചോദ്യം അവിഹിത സന്തതിയെ രാജ്യസഭ എംപിയാക്കിയ നേതാവിനോട് മാധ്യമപ്രവർത്തകർ ചോദിക്കുമോ? ഇല്ല അവർ ചോദിക്കില്ല. ചിദംബരം ഉദയകുമാറിന്റെയും അണ്ണാനഗർ രമേഷിന്റെയും പേരാമ്പാലൂർ സാദിഖ് ബാദ്ഷായുടേയും ഓർമകൾ മാധ്യമ പ്രവർത്തകരെ ഭയപ്പെടുത്തുന്നു. " എന്നായിരുന്നു പോസ്റ്റ്.

# ജലശുദ്ധീകരണ ശാലയിൽ തീപിടിത്തം; ജലവിതരണം മുടങ്ങും

തിരുവല്ല: ജലശുദ്ധീകരണശാലയുടെ ക്ലിയർ വാട്ടർ പമ്പ്ഹൗസിൽ തീപിടിത്തം. ലക്ഷങ്ങളുടെ നാശനഷ്ടം. ഇന്നലെ രാവിലെ ആറോടെയായിരുന്നു സംഭവം. കല്ലിശേരി പദ്ധതിയുടെ തിരുവല്ല പ്ലാൻറിനോടു ചേർന്നുള്ള ട്രാൻസ്ഫോർമറിൽനിന്നും പഴയ കുട്ടനാട് പമ്പ്ഹൗസിലെ ബ്ലോക്കിലേക്കുള്ള കേബിൾ കത്തുകയായിരുന്നു.

പ്ലാൻറിൽ 60 എച്ച്പിയുടെ ആറ് പമ്പുകളാണ് പ്രവർത്തിക്കുന്ന്. ജീവനക്കാരുടെ സമയോചിതമായ ഇടപെടൽ മൂലം പമ്പുകളിലേക്കു തീ പടരാതെ വൻ അപകടം ഒഴിവായി. തിരുവല്ലയിൽനിന്നു ഫയർഫോഴ്സിന്റെ ഒരു യൂണിറ്റ് എത്തി തീ അണച്ചു. ഇതോടെ തിരുവല്ല ജലശുദ്ധീകരണ ശാലയിൽനിന്നുള്ള പമ്പിംഗ് പൂർണമായും തടസപ്പെട്ടിരിക്കുകയാണ്.

തിരുവല്ല നഗരസഭ പ്രദേശങ്ങൾ, കവിയൂർ, കുന്നന്താനം ഗ്രാമപഞ്ചായത്തുകളിലെ വിവിധ പ്രദേശങ്ങൾ, പെരിങ്ങര പഞ്ചായത്തിലെ ഇടിഞ്ഞില്ലം, പെരുന്തുരുത്തി, വേങ്ങൽ. നെടുന്പ്രം പഞ്ചായത്തിലെ കല്ലുങ്കൽ, ചങ്ങനാശേരി മുനിസിപ്പാലിറ്റി, പായിപ്പാട്, തൃക്കൊടിത്താനം, കുറിച്ചി, വാഴപ്പള്ളി, വെളിയനാട്, എടത്വ, തലവടി പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ ഏഴുവരെ ജലവിതരണം മുടങ്ങുമെന്ന് ജലഅഥോറിറ്റി എക്സിക്യൂട്ടീവ് എൻജിനിയർ അറിയിച്ചു.

# സിംബാബ്‌വെയ്ക്കെതിരായ ടി20 പരമ്പര പാക്കിസ്ഥാന്

ഹരാരെ: സിംബാബ്!വെയ്ക്കെതിരായ ടി20 പരമ്പര സ്വന്തമാക്കി പാക്കിസ്ഥാൻ. രണ്ടാം മത്സരത്തിൽ പത്തു വിക്കറ്റിനാണ് പാക്കിസ്ഥാന്റെ ജയം. സ്കോർ: സിംബാബ്!വെ 57/10 പാക്കിസ്ഥാൻ 61/0. ടോസ്നേടി ആദ്യം ബാറ്റ് ചെയ്ത സിംബാബ്!വെ 12.4 ഓവറിൽ 57 റൺസിന് എല്ലാവരും പുറത്തായി. 4.2 ഓവറിൽ വിക്കറ്റ് ഒന്നും നഷ്ടപ്പെടാതെ 37 റൺസ് എന്ന നിലയിൽ നിന്നാണ് സിംബാബ്!വെ തകർന്നടിഞ്ഞത്. 2.4 ഓവറിൽ മൂന്ന് റൺസ് മാത്രം വിട്ടുകൊടുത്ത് അഞ്ച് വിക്കറ്റുകൾ നേടിയ സുഫിയാൻ മുഖീം ആണ് സിംബാബ്!വെയെ തകർത്തത്. അബ്ബാസ് അഫ്രീദി രണ്ട് വിക്കറ്റ് വീഴ്ത്തി. 21 റൺസ് നേടിയ ബ്രയാൻ ബെന്നറ്റാണ് ടോപ് സ്കോറർ.

മറുപടി ബാറ്റിംഗ് ആരംഭിച്ച പാക്കിസ്ഥാൻ വിക്കറ്റ് നഷ്ടമാകാതെ 5.3 ഓവറിൽ ലക്ഷ്യത്തിലെത്തി. ഒപ്പണർമാരായ സൈം അയൂബ്(36), ഒമൈർ യൂസഫ്(22)റൺസ് നേടി. സുഫിയാൻ മുഖീനെ കളിയിലെ താരമായി തെരഞ്ഞെടുത്തു. മൂന്നു മത്സരങ്ങളടങ്ങിയ പരമ്പരയിലെ ആദ്യ മത്സരം പാക്കിസ്ഥാൻ വിജയിച്ചിരുന്നു.

# ശുചിമുറി മാലിന്യസംസ്കരണ പ്ലാൻറ്: കളക്ടറേറ്റിൽ യോഗം നാലിന്

പത്തനംതിട്ട: ശുചിമുറി മാലിന്യനിർമാർജനവുമായി ബന്ധപ്പെട്ട പ്രതിസന്ധികൾ ചർച്ച ചെയ്യാൻ മാലിന്യനിർമാർജന തൊഴിലാളി യൂണിയൻ (ഐഎൻടിയുസി) പ്രതിനിധികളുമായും ഐഎൻടിയുസി മോട്ടോർ തൊഴിലാളി ഫെഡറേഷൻ പ്രതിനിധികളുമായും പത്തനംതിട്ട ജില്ലാ കളക്ടർ എസ്. പ്രേം കൃഷ്ണന്റെ അധ്യക്ഷതയിൽ യോഗം ചേരും.

യോഗത്തിൽ ശുചിത്വ മിഷൻ, പോലീസ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, തൊഴിൽ വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ വകുപ്പുകളുടെ ജില്ല മേധാവികളും പങ്കെടുക്കും.

നാലിന് ഉച്ചകഴിഞ്ഞ് മൂന്നിന് ജില്ലാ കളക്ടറുടെ ചേംബറിലാണ് യോഗം ചേരുക. ജില്ലാ ശുചിത്വമിഷൻ കോ ഓർഡിനേറ്റർ നിഫി എസ്. ഹക്കുമായി നേരത്തേ തൊഴിലാളി യൂണിയൻ പ്രതിനിധികൾ വിഷയം ചർച്ച ചെയ്തിരുന്നു.

ജില്ലാ ശുചിത്വ മിഷൻ കോ ഓർഡിനേറ്ററുമായി നടന്ന ചർച്ചയിൽ, തുടർ നടപടിയെന്ന നിലയിൽ ജില്ലാ കളക്ടറുടെ സാന്നിധ്യത്തിൽ യോഗം വിളിച്ചുചേർക്കാൻ ധാരണയിലെത്തുകയായിരുന്നു. പത്തനംതിട്ട ജില്ലയിൽ ശുചിമുറി മാലിന്യ സംസ്കരണ പ്ലാൻറ് സ്ഥാപിക്കണമെന്നാണ് തൊഴിലാളി യൂണിയൻ പ്രതിനിധികളുടെ പ്രധാന ആവശ്യം. ജില്ലയ്ക്ക് പുറത്ത് സർക്കാർ ഉടമസ്ഥതയിലുള്ള മാലിന്യസംസ്കരണ സംവിധാനങ്ങളിലേക്കുള്ള ശുചിമുറി മാലിന്യ നീക്കത്തിനായി പാസ് നൽകണമെന്നും മാലിന്യനിർമാർജന തൊഴിലാളി യൂണിയൻ (ഐഎൻടിയുസി) ആവശ്യപ്പെടുന്നുണ്ട്.

# ബ്രിക്സ് കറൻസി: നിലപാട് വ്യക്തമാക്കാതെ ധനകാര്യ മന്ത്രാലയം

ന്യൂഡൽഹി: അമേരിക്കൻ ഡോളറിന് വെല്ലുവിളി ഉയർത്താനുതകുന്ന തരത്തിൽ ബ്രിക്സ് കറൻസി അവതരിപ്പിക്കുമെന്ന അഭ്യൂഹങ്ങൾക്കിടയിൽ കറൻസി സംബന്ധിച്ച് ബ്രിക്സ് അംഗരാജ്യമായ ഇന്ത്യയുടെ നിലപാട് വ്യക്തമാക്കാതെ ധനകാര്യ മന്ത്രാലയം.

ബ്രിക്സ് കറൻസി അവതരിപ്പിക്കുന്നതിൽ ഇന്ത്യയുടെ നിലപാട് വ്യക്തമാക്കാൻ എം. കെ. രാഘവൻ എംപി ലോക് സഭയിൽ ഉന്നയിച്ച ചോദ്യത്തിനു ധനകാര്യ മന്ത്രാലയം വ്യക്തമായ മറുപടി നൽകിയില്ല.

2024 ബ്രിക്സ് ഉച്ചകോടിയിൽ ആതിഥേയ രാജ്യമായ റഷ്യ ബ്രിക്സ് കറൻസി എന്ന ആശയം മുന്നോട്ടുവച്ചിട്ടുണ്ടെന്ന് മാത്രമാണ് എംപിക്ക് ധനകാര്യ സഹമന്ത്രി മറുപടി നൽകിയത്. എന്നാൽ ഈ ആശയത്തോട് ഇന്ത്യ യോജിക്കുന്നോ വിയോജിക്കുന്നെന്നോയെന്നു മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല.

കഴിഞ്ഞ ദിവസം ഡോളറിനെ ഒഴിവാക്കിയുള്ള ബ്രിക്സ് രാജ്യങ്ങളുടെ വ്യാപാര നീക്കങ്ങൾ അംഗീകരിക്കാൻ സാധിക്കില്ലെന്നും ഏതെങ്കിലും തരത്തിൽ നീക്കമുണ്ടായാൽ ബ്രിക്സ് രാജ്യങ്ങൾക്ക് ശക്തമായ തിരിച്ചടിയുണ്ടാവുമെന്നുള്ള അമേരിക്കയിലെ നിയുക്ത പ്രസിഡൻറ് ഡോണൾഡ് ട്രംപിന്റെ പ്രസ്താവനകൂടി വന്ന സാഹചര്യത്തിലാണ് ഇന്ത്യയുടെ വ്യക്തതയില്ലാത്ത മറുപടി.

അമേരിക്കൻ ഡോളറിന് എതിരാളിയായി പുതിയ കറൻസി സൃഷ്ടിക്കാൻ ബ്രിക്സ് രാജ്യങ്ങൾ തയാറായാൽ 100 ശതമാനം തീരുവ ചുമത്തുമെന്നാണ് ട്രംപ് സോഷ്യൽ മീഡിയയിൽ കുറിച്ചത്.

ബ്രസീൽ, ഇന്ത്യ, റഷ്യ, ചൈന, ദക്ഷിണാഫ്രിക്ക, ഇറാൻ, ഈജിപ്ത്, എത്യോപ്യ, യുഎഇ എന്നി രാജ്യങ്ങളാണ് ബ്രിക്സ് സഖ്യത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്നത്. വിപുലമായ തോതിൽ ഇറക്കുമതി താരിഫുകൾ നടപ്പാക്കുമെന്ന് ട്രംപ് യുഎസ് തെരഞ്ഞെടുപ്പിൽ പ്രചാരണം നടത്തിയിരുന്നു.

കഴിഞ്ഞ ദിവസങ്ങളിൽ ഇറക്കുമതി തീരുവ കൂട്ടുമെന്ന ഭീഷണി അദ്ദേഹം മുഴക്കുകയും ചെയ്തു. ഇതിന് പിന്നാലെയാണ് ബ്രിക്സ് രാജ്യങ്ങൾക്കെതിരേ ട്രംപ് രംഗത്തുവന്നത്.

അടുത്ത വർഷം ജനുവരി 20 ന് അധികാരമേറ്റെടുക്കുന്ന ട്രംപിൽനിന്ന് അടുത്ത ദിവസങ്ങളിൽ വന്ന സന്ദേശങ്ങൾ കൂടുതലും ബ്രിക്സിനെ ലക്ഷ്യമിട്ടുള്ളതാണ്. യുഎസിന്റെ പ്രധാന വ്യാപാര പങ്കാളികളായ കാനഡ, മെക്സിക്കോ, ചൈന രാജ്യങ്ങളിൽനിന്നുള്ള എല്ലാ ഇറക്കുമതിക്കും അധിക തീരുവ ഏർപ്പെടുത്താനുള്ള ഫയലിൽ സ്ഥാനമേൽക്കുന്ന അന്നുതന്നെ ഒപ്പുവയ്ക്കുമെന്ന് ട്രംപ് കഴിഞ്ഞയാഴ്ച പറഞ്ഞിരുന്നു.

മെക്സിക്കോ, കാനഡ എന്നിവിടങ്ങളിൽനിന്നുള്ള ഇറക്കുമതിക്ക് 25 ശതമാനവും ഇതിനൊപ്പം ചൈനയിൽനിന്നുള്ളതിന് 10 % അധിക തീരുവയും ഏർപ്പെടുത്തുമെന്നാണ് നിയുക്ത അമേരിക്കൻ പ്രസിഡൻറ് പറഞ്ഞത്.

ട്രംപിന്റെ പുതിയ ഭീഷണി പ്ര യോഗികമല്ല. ഈ നീക്കം യുഎസിലെ ഉപഭോക്താക്കളെ ബുദ്ധിമുട്ടിക്കുന്നതിനും ആഗോള വ്യാപാരം തടസപ്പെടുത്തുന്നതിനും ഇടയാക്കും. പ്രധാന വ്യാപര പങ്കാളികളിൽനിന്ന് പ്രകോപനത്തിനും ഇടയാക്കും. ഡോളറിൽനിന്നുള്ള ആഗോള മാറ്റം സാന്പത്തിക വൈവിധ്യവത്കരണത്താൽ നടക്കുന്ന കാര്യമല്ല. - സാന്പത്തിക വിദഗ്ധർ അഭിപ്രായപ്പെട്ടു.

# കൻ ഹണ്ടറിനെ ബൈഡൻ കുറ്റവിമുക്തനാക്കി

വാഷിംഗ്ടൺ ഡിസി: അമേരിക്കയിൽ സ്ഥാനമൊഴിയാൻ പോകുന്ന പ്രസിഡൻറ് ജോ ബൈഡൻ, ക്രിമിനൽ കേസുകൾ നേരിടുന്ന മകൻ ഹണ്ടർ ബൈഡനു പൊതുമാപ്പു നല്കി. മകനെതിരായ കേസുകൾ നിയമവ്യവസ്ഥയുടെ ദുരുപയോഗമെന്നു ചൂണ്ടിക്കാട്ടിയാണു നടപടി.പ്രസിഡൻറിന്റെ അധികാരം ഉപയോഗിച്ച് ഹണ്ടറിനു മാപ്പു നല്കില്ലെന്ന് ബൈഡൻ ആവർത്തിച്ചു പ്രഖ്യാപിച്ചിട്ടുള്ളതാണ്. മാപ്പു സ്വീകരിക്കില്ലെന്നു ഹണ്ടറും പറഞ്ഞിട്ടുണ്ട്.നികുതിവെട്ടിപ്പ്, മയക്കുമരുന്ന് ഉപയോഗം മറച്ചുവച്ച് തോക്കുവാങ്ങൽ എന്നീ രണ്ടു കേസുകളാണു ഹണ്ടറിനെതിരേയുള്ളത്. 25 വർഷം വരെ ശിക്ഷ ലഭിക്കാവുന്ന തോക്കുകേസിൽ കോടതി ജൂണിൽ ഹണ്ടർ കുറ്റക്കാരനെന്നു വിധിച്ചിരുന്നു.ശിക്ഷാപ്രഖ്യാപനത്തിന് വരുന്നയാഴ്ച കോടതി ചേരാനിരിക്കേയാണു ബൈഡൻ മകന് ഉപാധികളില്ലാതെ മാപ്പുനല്കിയത്. 17 വർഷം വരെ തടവു ലഭിക്കാവുന്ന നികുതി വെട്ടിപ്പു കേസിൽ ഹണ്ടർ സെപ്റ്റംബറിൽ കോടതിയിൽ കുറ്റം സമ്മതിച്ചിരുന്നു.

നിയമവ്യവസ്ഥയിൽ വിശ്വാസമുണ്ടെങ്കിലും രാഷ്ട്രീയം നിയമവ്യവസ്ഥയെ ബാധിച്ചുവെന്നും പ്രസിഡൻറിനു പുറമേ പിതാവുകൂടിയായ ഒരാൾ എടുത്ത തീരുമാനത്തെ അമേരിക്കൻ ജനത അംഗീകരിക്കുമെന്നും ബൈഡൻ വിശദീകരിച്ചു.

ബൈഡന്റെ നടപടി നിയമവ്യവസ്ഥയുടെ ദുരുപയോഗമാണെന്നു നിയുക്ത പ്രസിഡൻറ് ഡോണൾഡ് ട്രംപ് പ്രതികരിച്ചു.മുൻ പ്രസിഡൻറ് ബിൽ ക്ലിൻറൺ 2001ൽ മയക്കുമരുന്നു കേസ് നേരിടുന്ന തന്റെ അർധസഹോദരൻ റോജർ ക്ലിൻറന് മാപ്പു നല്കിയിരുന്നു.2020ൽ ഡോണൾഡ് ട്രംപ് മകൾ ഇവാങ്കയുടെ ഭർതൃപിതാവ് ചാൾസ് കുഷ്നർക്കും മാപ്പു നല്കിയിട്ടുണ്ട്.

# മാർപാപ്പയ്ക്ക് സ്നേഹോപഹാരം സമ്മാനിച്ച് സാദിഖലി തങ്ങൾ

വത്തിക്കാൻ സിറ്റി: ശ്രീ നാരായണ ഗുരു സംഘടിപ്പിച്ച പ്രഥമ സർവമത സമ്മേളനത്തിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് വത്തിക്കാനിൽ നടന്ന സർവമത സമ്മേളനത്തിനെത്തിയ ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗ് പൊളിറ്റിക്കൽ അഫയേഴ്സ് കമ്മിറ്റി ചെയർമാൻ പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ഫ്രാൻസിസ് മാർപാപ്പയുമായി കൂടിക്കാഴ്ച നടത്തി. കുശലാന്വേഷണങ്ങൾക്കു ശേഷം സ്നേഹോപഹാരമായി മാർപാപ്പയ്ക്ക് പുസ്തകവും സമ്മാനിച്ചു.മതങ്ങളുടെയെല്ലാം അന്തഃസത്ത മൈത്രിയാണെന്നും വൈവിധ്യങ്ങളെ സഹിഷ്ണുതയോടെ സമീപിച്ച് മാനവ സ്നേഹം ഉയർത്തിപ്പിടിക്കണമെന്നും സർവമത സമ്മേളനത്തിന്റെ ഭാഗമായി അഗസ്റ്റീനിയാനു സർവകലാശാല ഹാളിൽ നടന്ന സെമിനാറിൽ സാദിഖലി തങ്ങൾ പറഞ്ഞു.

എല്ലാ മനുഷ്യരും അവരുടെ വംശീയതയോ മതപരവും സാംസ്കാരികവുമായ പാരമ്പര്യമോ നോക്കാതെ, ഒരൊറ്റ മനുഷ്യകുടുംബത്തിലെ അംഗങ്ങളാണെന്ന വ്യക്തമായ സന്ദേശത്തിലൂടെ സാമൂഹികവും മതപരവുമായ ഉണർവ് പ്രോത്സാഹിപ്പിക്കുന്നതിനായി ശ്രീ നാരായണ ഗുരു തന്റെ ജീവിതം സമർപ്പിച്ചു എന്ന മാർപാപ്പയുടെ നിരീക്ഷണം എല്ലാവരും ഹൃദയത്തിലേറ്റണം.

നാനാത്വത്തിൽ ഏകത്വമെന്ന മാനവ മൈത്രിയിലധിഷ്ഠിതമായ ബഹുസ്വരതയെ സ്വാംശീകരിക്കാനും പ്രചരിപ്പിക്കാനും എല്ലാവരും മുന്നോട്ടു വരണമെന്നും സാദിഖലി തങ്ങൾ ഓർമിപ്പിച്ചു.

അഡ്വ. ഹാരിസ് ബീരാൻ എംപി, എംഎൽഎമാരായ ചാണ്ടി ഉമ്മൻ, സജീവ് ജോസഫ്, സനീഷ് കുമാർ ജോസഫ്, പി.വി. ശ്രീനിജൻ, മാർത്തോമാ സഭ അല്മായ ട്രസ്റ്റി അഡ്വ. ആൻസിൽ കോമാട്ട് തുടങ്ങി ഇരുനൂറോളം പ്രതിനിധികൾ പങ്കെടുത്തു. സ്വാമി ഋതംഭരാനന്ദ സർവമത പ്രാർഥന നടത്തി.

# ജോർജിയയിൽ പ്രക്ഷോഭം തുടരുന്നു; പ്രതിപക്ഷ നേതാവ് അറസ്റ്റിൽ

ടിബ്ലിസി: യൂറോപ്യൻ യൂണിയനിൽ ചേരാനുള്ള നടപടികൾ മരവിപ്പിച്ച ജോർജിയൻ സർക്കാരിനെതിരേ ജനകീയ പ്രക്ഷോഭം തുടരുന്നതിനിടെ പ്രതിപക്ഷ നേതാവ് സുരാബ് ജപ്പാരിഡ്സെയെ പോലീസ് അറസ്റ്റ് ചെയ്തു. ഞായറാഴ്ച രാത്രി പാർലമെൻറ് മന്ദിരത്തിനു മുന്നിൽ നടന്ന പ്രക്ഷോഭത്തിൽ പങ്കെടുത്ത ഇദ്ദേഹം ഇന്നലെ രാവിലെ മടങ്ങവേയാണ് അറസ്റ്റിലായത്.ഇതിനിടെ, ഞായാറാഴ്ച രാത്രി പാർലമെൻറിനു മുന്നിൽ പോലീസും പ്രക്ഷോഭകരും തമ്മിൽ ഏറ്റുമുട്ടലുണ്ടായി. പ്രക്ഷോഭകർ പോലീസിനു നേർക്ക് പടക്കമെറിഞ്ഞു. പോലീസ് ജലപീരങ്കികൊണ്ടാണു പ്രതികരിച്ചത്.

ദിവസങ്ങളായി നടക്കുന്ന സംഘർഷത്തിൽ പരിക്കേറ്റ പോലീസുകാരുടെ എണ്ണം 133 ആയെന്ന് ആഭ്യന്തരമന്ത്രാലയം അറിയിച്ചു. ഒട്ടേറെ പ്രക്ഷോഭകർ അറസ്റ്റിലാവുകയും പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്.പ്രതിപക്ഷം ആസൂത്രിത ആക്രമണം നടത്തുകയാണെന്നു പ്രധാനമന്ത്രി ഇറാകിൽ കോബാഷിദ്സെ ആരോപിച്ചു. അതേസമയം, രാജ്യമൊട്ടുക്ക് പ്രക്ഷോഭം അലയടിക്കുന്നതായി പ്രക്ഷോഭകരെ പിന്തുണയ്ക്കുന്ന യൂറോപ്യൻ അനുകൂലിയായ പ്രസിഡൻറ് സലോം സുരബിഷ്‌വിലി പറഞ്ഞു.

ജോർജിയൻ പാർലമെൻറ് തെരഞ്ഞെടുപ്പിൽ ക്രമക്കേട് നടന്നുവെന്നു യൂറോപ്യൻ യൂണിയൻ ആരോപിച്ചതിനു പിന്നാലെയാണു ജോർജിയയിലെ റഷ്യാനുകൂല സർക്കാർ യൂറോപ്യൻ യൂണിയനിൽ ചേരാനുള്ള തീരുമാനം മരവിപ്പിച്ചത്.

ജോർജിയയിൽ ജനാധിപത്യം അപകടാവസ്ഥയിലാണെന്ന് അമേരിക്കയും യൂറോപ്യൻ യൂണിയനും മുന്നറിയിപ്പു നല്കി. ജോർജിയയിൽ ഇടപെടുന്നില്ലെന്നു റഷ്യ അവകാശപ്പെട്ടു. അതേസമയം, ജോർജിയ യുക്രെയ്ന്റെ പാതയിലാണെന്നു റഷ്യയിലെ മുൻ പ്രസിഡൻറ് ദിമിത്രി മെദ്‌വദേവ് ഭീഷണി മുഴക്കി.

# മോഡിക്കെതിരെ മുദ്രാവാക്യം വിളിക്കരുതെന്ന് ജാമിയ വിദ്യാർത്ഥികൾക്ക് മുന്നറിയിപ്പ്

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്ര മോഡിക്കും നിയമനിർവഹണ ഏജൻസികൾക്കുമെതിരെ പ്രതിഷേധിക്കുകയും മുദ്രാവാക്യം വിളിക്കുകയും ചെയ്യരുതെന്ന് വിദ്യാർത്ഥികൾക്ക് മുന്നറിയിപ്പ് നൽകി ജാമിയ മിലിയ ഇസ്ലാമിയ സർവകലാശാല. ഭരണഘടനാപരമായ ഉത്തരവാദിത്തം വഹിക്കുന്നവർക്കെതിരെയുള്ള ധർണകളും പ്രതിഷേധങ്ങളും ക്യാമ്പസിൽ അനുവദനീയമല്ലെന്ന് സർവകലാശാല പുറപ്പെടുവിച്ച അറിയിപ്പിൽ പറയുന്നു. നിർദേശം ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് അധികൃതർ അറിയിച്ചു. പ്രധാനമന്ത്രിക്കും മറ്റ് നിയമനിർവഹണ ഏജൻസികൾക്കുമെതിരെ ചില വിദ്യാർത്ഥികൾ മുദ്രാവാക്യം വിളിച്ചത് ശ്രദ്ധയിൽപ്പെട്ടതിനാലാണ് നടപടിയെന്ന് അറിയിപ്പിൽ പറയുന്നു.

പ്രതിഷേധങ്ങൾക്കും ധർണകൾക്കും മുൻകൂർ അനുമതി വാങ്ങണമെന്നും നിർദേശമുണ്ട്. അതേസമയം സർവകലാശാല നടപടിക്കെതിരെ വിദ്യാർത്ഥി സംഘടനകൾ രംഗത്തെത്തി. സർവകലാശാലകളിൽ സംഘ്പരിവാർ ചെലുത്തുന്ന സ്വാധീനമാണ് ഇത്തരം നടപടികളിലൂടെ വ്യക്തമാകുന്നതെന്ന് ഇടത് വിദ്യാർത്ഥി സംഘടനയായ ഓൾ ഇന്ത്യ സ്റ്റുഡന്റ്സ് അസോസിയേഷൻ ആരോപിച്ചു. ജാമിയ വിദ്യാർത്ഥികളുടേതാണെന്നും ബിജെപിയുടേതോ സംഘ്പരിവറിന്റെയോ അല്ലെന്നും വിദ്യാർത്ഥി സംഘടനകൾ പറഞ്ഞു.

# ഫിലിപ്പീൻസ് വൈസ് പ്രസിഡന്റിനെതിരെ ഇംപീച്ച്മെന്റ് നീക്കം

മനില: ഫിലിപ്പീൻസ് വൈസ് പ്രസിഡന്റ് സാറാ ഡ്യൂട്ടേർട്ടയ്ക്കെതിരെ ഇംപീച്ച്മെന്റ് ഫയൽ ചെയ്തു. പ്രസിഡന്റിനും ഭാര്യക്കുമെതിരായ വധഭീഷണി, സർക്കാർ ഫണ്ട് ദുരുപയോഗം, മറ്റ് ക്രിമിനൽ ആരോപണങ്ങൾ എന്നിവ ചൂണ്ടിക്കാട്ടിയാണ് നടപടി. ഡ്യൂട്ടേർട്ടയുടെ പ്രവൃത്തികൾ മാനസിക വൈകല്യത്തിന്റെയും രാജ്യത്തിന്റെ ഉയർന്ന പദവിയിൽ തുടരാനുള്ള മാനസിക ക്ഷമതയുടെ അഭാവത്തിന്റെയും തെളിവുകളാണെന്ന് പരാതിയില് പറയുന്നു. അനധികൃതമായ സ്വത്ത് സമ്പാദനം, വ്യാജ ഏറ്റുമുട്ടലുകളിലൂടെയുള്ള മയക്കുമരുന്ന് പ്രതികളുടെ കൊലപാതകം എന്നീ ആരോപണങ്ങളും ഡ്യൂട്ടേർട്ട നേരിടുന്നുണ്ട്.

താൻ കൊല്ലപ്പെട്ടാൽ പ്രസിഡന്റ് ഫെർഡിനാൻഡ് മാർക്കോസ് ഭാര്യയെയും സ്പീക്കർ മാർട്ടിൻ റൊമുവൽഡെസിനെയും കൊല്ലാൻ ഒരു കൊലയാളിക്ക് പണം നൽകിയിട്ടുണ്ടെന്നായിരുന്നു ഡ്യൂട്ടേർട്ടയുടെ ഭീഷണി. താൻ ഭീഷണിപ്പെടുത്തിയതല്ലെന്നും സ്വന്തം സുരക്ഷയിൽ ആശങ്ക പ്രകടിപ്പിക്കുകയായിരുന്നുവെന്നും അവർ പിന്നീട് പറഞ്ഞു. വൈസ് പ്രസിഡന്റും വിദ്യാഭ്യാസ സെക്രട്ടറിയുമായ ഡ്യൂട്ടേർട്ടിന്റെ ഓഫീസുകൾക്ക് ലഭിച്ച 612.5 മില്യൺ പെസോയുടെ ഫണ്ട് ദുരുപയോഗം ചെയ്തതെന്ന ആരോപണത്തിൽ കോൺഗ്രസ് പ്രത്യേക സമിതി അന്വേഷണം നടത്തിവരികയാണ്.

# ചൈനയുടെ പിന്തുണയോടെ പാക്കിസ്ഥാൻ വളരുന്നുവെന്ന് നാവികസേനാ മേധാവി

ന്യൂഡൽഹി: ചൈനയുടെ പിന്തുണയോടെ പാക്കിസ്ഥാൻ നാവികസേന അദ്ഭുതകരമായി വളരുന്നുവെന്നു നാവികസേനാ മേധാവി അഡ്മിറൽ ദിനേഷ് കെ. ത്രിപാഠി.

ചൈനയ്ക്ക് പാക്കിസ്ഥാന്റെ നാവിക സേന കരുത്താർജിക്കണമെന്ന ആഗ്രഹമുള്ളതുകൊണ്ടാണ് യുദ്ധക്കപ്പലുകളും അന്തർവാഹിനികളും നിർമിക്കാൻ ചൈന പിന്തുണ നൽകുന്നതെന്ന് ത്രിപാഠി ചൂണ്ടിക്കാട്ടി. എന്നാൽ, ഇന്ത്യക്ക് സാഹചര്യങ്ങളെപ്പറ്റി അറിവുണ്ടെന്നും അയൽരാജ്യങ്ങളുടെ നീക്കങ്ങളിൽ നിരീക്ഷണം ശക്തമാണെന്നും ത്രിപാഠി പറഞ്ഞു.ദേശീയ നാവികസേനാ ദിനത്തിന്റെ മുന്നോടിയായി നടന്ന പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പാക്കിസ്ഥാന്റെ എട്ടു പുതിയ അന്തർവാഹിനികൾക്ക് കനത്ത ആക്രമണശേഷിയുണ്ടെന്നും അൻപത് യുദ്ധക്കപ്പലുകളുള്ള സേനയായി മാറാനാണ് പാകിസ്ഥാന്റെ ശ്രമമെന്നും ത്രിപാഠി കൂട്ടിച്ചേർത്തു.

രാജ്യത്തിന്റെ പ്രതിരോധം ശക്തിപ്പെടുത്തുന്നതിനായി ഫ്രാൻസിൽനിന്ന് 26 റഫാൽ മറൈൻ ഫൈറ്റർ വിമാനങ്ങൾ ഇന്ത്യയിലേക്കെത്തിക്കുമെന്ന് ത്രിപാഠി അറിയിച്ചു.

റഫാൽ മറൈൻ ഫൈറ്റർ വിമാനങ്ങളും മൂന്നു സ്കോർപ്പീൻ അന്തർവാഹിനികളും ഇന്ത്യയിലെത്തിക്കാനുള്ള ചർച്ചകൾ അവസാനഘട്ടത്തിലാണ്. നാവികസേനയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 62 കപ്പലുകളുടെയും ഒരു അന്തർവാഹിനിയുടെയും നിർമാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

കഴിഞ്ഞ ദിവസം അന്തർവാഹിനിയായ ഐഎൻഎസ് അരിഘാതിൽ നടത്തിയ ആണവശേഷിയുള്ള ബാലിസ്റ്റിക് മിസൈൽ പരീക്ഷണം വിജയകരമായെന്നും നാവിക സേനാമേധാവി അറിയിച്ചു.

ആണവോർജത്തിൽ പ്രവർത്തിക്കുന്ന രണ്ട് അന്തർവാഹിനികൾക്ക് കൂടി കേന്ദ്ര സർക്കാർ അംഗീകാരം നൽകിയെന്നും ത്രിപാഠി പറഞ്ഞു. ആണവോർജത്തിൽ പ്രവർത്തിക്കുന്ന ആറ് അന്തർവാഹിനികൾ വികസിപ്പിക്കാനാണ് കേന്ദ്ര സർക്കാർ പദ്ധതി.

2037ഓടെ ആദ്യ അന്തർവാഹിനിയുടെയും 2039ഓടെ രണ്ടാമത്തേതിന്റെയും നിർമാണം പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നതായി ത്രിപാഠി പറഞ്ഞു.

# ഇറാനുമായുള്ള ബന്ധം ഉപേക്ഷിച്ചാൽ സിറിയയ്ക്ക് എതിരായ ഉപരോധങ്ങൾ പിൻവലിക്കാൻ നീക്കം

ദുബായ്: ഇറാനുമായുള്ള ബന്ധം അവസാനിപ്പിച്ചാൽ സിറിയയിലെ അസാദ് ഭരണകൂടത്തിനെതിരായ ഉപരോധങ്ങൾ നീക്കാൻ അമേരിക്ക തയാറായേക്കുമെന്ന് റോയിട്ടേഴ്സ് വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്തു.ഇറാനിൽ നിന്ന് ലബനനിലെ ഹിസ്ബുള്ളയ്ക്ക് ആയുധമെത്തിക്കാൻ സിറിയൻ ഭൂമി ഉപയോഗിക്കുന്നതും അസാദ് ഭരണകൂടം അവസാനിപ്പിക്കണം. അമേരിക്കയും യുഎഇയും ഇക്കാര്യം ചർച്ച ചെയ്തു.

സിറിയൻ വിമതർ ആലെപ്പോ നഗരം പിടിച്ചെടുക്കാൻ ആക്രമണം തുടങ്ങുന്നതിനു മുന്പാണ് ചർച്ചകൾ നടന്നത്. സിറിയയ്ക്കെതിരായ ഉപരോധങ്ങൾ നീക്കുന്നതിൽ ഇസ്രയേലിനും എതിർപ്പില്ലെന്നാണു സൂചന.അതേസമയം, ഇറാനെ ഒഴിവാക്കാൻ സിറിയൻ പ്രസിഡൻറ് ബഷാർ അൽ അസാദ് തയാറാകുമോ എന്നതിൽ വ്യക്തതയില്ല. വിമതരെ നേരിടുന്നതിൽ അസാദിന് ഇറാൻ സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്.2011 ലെ ജനകീയ പ്രക്ഷോഭത്തെ അടിച്ചമർത്താൻ തുടങ്ങിയപ്പോഴാണ് അമേരിക്കൻ ഭരണകൂടം സിറിയയ്ക്കെതിരേ ഉപരോധങ്ങൾ ചുമത്താൻ തുടങ്ങിയത്.

# ബലാത്സംഗക്കേസുകളിലെ മുൻകൂർ ജാമ്യം ഇരകളുടെ വാദം കേൾക്കണോയെന്ന് പരിശോധിക്കാൻ സുപ്രീം കോടതി

ന്യൂഡൽഹി: ബലാത്സംഗക്കേസുകളിൽ പ്രതികൾക്ക് ജാമ്യം നൽകുന്നതിന് മുമ്പ് കോടതികൾ ഇരകളുടെ വാദം കേൾക്കണമോയെന്ന കാര്യം സുപ്രീം കോടതിയുടെ പരിഗണനയിൽ. ജസ്റ്റിസുമാരായ ബി ആർ ഗവായ്, കെ വി വിശ്വനാഥൻ എന്നിവർ അടങ്ങിയ ബെഞ്ചിന്റേതാണ് തീരുമാനം.

ബലാത്സംഗക്കേസിലെ പ്രതിയുടെ മുൻകൂർ ജാമ്യം റദ്ദാക്കിയ കേരള ഹൈക്കോടതി വിധിക്കെതിരായ ഹർജി പരിഗണിക്കുകയായിരുന്നു സുപ്രീം കോടതി. ഇരയുടെ വാദം കേൾക്കാതെ ജാമ്യം നൽകിയെന്ന് ചൂണ്ടിക്കാട്ടി ഹൈക്കോടതി മുൻകൂർ ജാമ്യം റദ്ദാക്കി. ഇതിനെതിരെ നൽകിയ ഹർജിയിലാണ് സുപ്രീം കോടതി നോട്ടീസ് അയച്ചത്. ഹൈക്കോടതിയുടെ ഉത്തരവ് സുപ്രീം കോടതി സ്റ്റേ ചെയ്തിട്ടുണ്ട്.

മുൻകൂർ ജാമ്യം റദ്ദാക്കിയ ഉത്തരവിൽ പ്രതി അന്വേഷണവുമായി സഹകരിക്കുന്നുണ്ടെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടിയിരുന്നു. സാങ്കേതിക കാരണം ചൂണ്ടിക്കാട്ടി മുൻകൂർ ജാമ്യം റദ്ദാക്കിയത് തെറ്റാണെന്ന് ഹർജിക്കാരന് വേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ ആർ ബസന്ത്, അഭിഭാഷകൻ ശ്രീറാം പറകാട് എന്നിവർ വാദിച്ചു. തുടർന്നാണ് ബലാത്സംഗക്കേസുകളിൽ പ്രതികൾക്ക് ജാമ്യം അനുവദിക്കുന്നതിന് മുമ്പ് കോടതികൾ അതിജീവിതയുടെ വാദം കേൾക്കണമോയെന്ന കാര്യം പരിശോധിക്കാൻ സുപ്രീം കോടതി തീരുമാനിച്ചത്.

# ഇറാൻ സേന സിറിയയിൽ

## പിന്തുണ തുടരുമെന്ന് റഷ്യ

ഡമാസ്കസ്: സൈന്യത്തിന് പിന്തുണ പ്രഖ്യാപിച്ച് ഇറാൻ പിന്തുണയുള്ള സംഘങ്ങൾ സിറിയയിൽ. ഇറാൻ വിന്യസിച്ച ഇറാഖി ഹഷ്ദ് അൽ ഷാബി, കത്യാബ് ഹിസ്ബുള്ള, ഫത്തേമിയൂൺ ഉൾപ്പെടെയുള്ള സേനാംഗങ്ങൾ അൽ ബുക്കാമൽ ക്രോസിങ്ങിന് സമീപമുള്ള സൈനിക പാതയിലൂടെ സിറിയയിലേക്ക് കടന്നതായി സൈനിക വൃത്തങ്ങളെ ഉദ്ധരിച്ച് റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്തു. സിറിയയിൽ പ്രസിഡന്റ് ബാഷർ അൽ അസാദിനുള്ള നിരുപാധിക പിന്തുണ തുടരുമെന്ന് റഷ്യയും അറിയിച്ചു. സിറിയയിലെ നിലവിലെ സ്ഥിതികൾ വിലയിരുത്തി റഷ്യ എന്ത് തീരുമാനം കൈക്കൊള്ളണമെന്ന കാര്യം പരിഗണനയിലാണെന്നും ക്രെംലിൻ വക്താവ് ദിമിത്രി പെഷ്കോവ് പറഞ്ഞു. ഡമസ്കസിൽ വിമതരുടെ ആക്രമണം ഉണ്ടായതിനെത്തുടർന്ന് സിറിയൻ പ്രസിഡന്റ് മോസ്കോയിലേക്ക് പറന്നതായി റിപ്പോർട്ടുകളുണ്ടായിരുന്നു. ഏകദേശം ഒരു ദശാബ്ദം മുമ്പ് സിറിയയിൽ ആഭ്യന്തര യുദ്ധം ഉടലെടുത്തപ്പോഴും റഷ്യയുടെ ഇടപെടൽ അസദ് ഭരണകൂടത്തിന് അനുകൂലമായിരുന്നു. അതിനിടെ, സൈന്യത്തെ പിന്തുണയ്ക്കാൻ ഇറാൻ പിന്തുണയുള്ള സൈന്യം സിറിയയിൽ പ്രവേശിച്ചു.

അതേസമയം, വടക്കുപടിഞ്ഞാറൻ സിറിയയിൽ നടന്ന റഷ്യൻ വ്യോമാക്രമണത്തിൽ 25 പേർ കൊല്ലപ്പെട്ടു. ഇദ്‌ലിബിൽ ഞായറാഴ്ച റഷ്യൻ, സിറിയൻ ജെറ്റുകൾ ആക്രമണം നടത്തിയതായി സൈനിക വൃത്തങ്ങൾ അറിയിച്ചു. കഴിഞ്ഞ ദിവസങ്ങളിൽ വിമതർ കീഴടക്കിയ നിരവധി പട്ടണങ്ങൾ തിരിച്ചുപിടിച്ചതായും സൈന്യം അറിയിച്ചു. നാല് ദശലക്ഷത്തോളം ആളുകൾ താമസിക്കുന്ന ഇദ്‌ലിബിന്റെ മധ്യഭാഗത്തുള്ള തിരക്കേറിയ ജനവാസ മേഖലയിലാണ് ആക്രമണമുണ്ടായത്.

ദിവസങ്ങൾക്ക് മുമ്പ് സിറിയയിലെ വിമത ഗ്രൂപ്പായ ഹയാത്ത് തഹ്രീൽ അൽ ഷാം അപ്രതീക്ഷിതമായാണ് അലപ്പോയിൽ ആക്രമണം നടത്തിയത്. ആലപ്പോ നഗരത്തിന് സമീപമുള്ള നിരവധി പ്രദേശങ്ങളുടെ നിയന്ത്രണവും വിമത വിഭാഗം കൈക്കലാക്കിയിരുന്നു. പ്രസിഡന്റ് ബാഷർ അൽ അസാദിനെതിരെയാണ് വിമത സംഘടനയുടെ കലാപം. സിറിയ-തുർക്കി അതിർത്തിക്കടുത്തുള്ള ഇദ്‌ലിബ് പ്രവിശ്യയുടെ ഭൂരിഭാഗവും നിയന്ത്രിക്കുന്ന വടക്കുപടിഞ്ഞാറൻ സിറിയയിലെ ഏറ്റവും ശക്തമായ വിമത ഗ്രൂപ്പാണ് എച്ച്ടിഎസ് എന്നറിയപ്പെടുന്ന ഹയാത്ത് തഹ്രീൽ അൽ ഷാം. സിറിയയും അമേരിക്കയും റഷ്യയുമടക്കമുള്ള രാജ്യങ്ങൾ എല്ലാംതന്നെ എച്ച്ടിഎസിനെ ഒരു ഭീകര സംഘടനയായാണ് കണക്കാക്കുന്നത്. 2020ന് ശേഷം വടക്കുപടിഞ്ഞാറൻ സിറിയ കണ്ട ഏറ്റവും തീവ്രമായ പോരാട്ടമാണ് കഴിഞ്ഞ കുറച്ച് ദിവസങ്ങളിലായി നടക്കുന്നത്. ആക്രമണത്തെ തുടർന്ന് ശനിയാഴ്ച സിറിയൻ അധികൃതർ ആലപ്പോ വിമാനത്താവളം അടച്ചുപൂട്ടുകയും എല്ലാ വിമാനസർവീസുകൾ റദ്ദാക്കുകയും ചെയ്തിരുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

NAUTICAL TIMES
KERALA



### ബൂത്തിലെ വോട്ടർമാരുടെ എണ്ണം

# തെരഞ്ഞെടുപ്പ് കമ്മിഷനിൽ നിന്ന് സുപ്രീം കോടതി വിശദീകരണം തേടി

ന്യൂഡൽഹി: പോളിങ് ബൂത്തിലെ വോട്ടർമാരുടെ എണ്ണം 1,500 ആയി ഉയർത്തിയ നടപടിയിൽ വിശദീകരണം നൽകണമെന്ന് തെരഞ്ഞെടുപ്പ് കമ്മിഷനോട് സുപ്രീം കോടതി. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന, ജസ്റ്റിസ് സഞ്ജയ് കുമാർ എന്നിവരുടെ ബെഞ്ചിന്റേതാണ് നടപടി. വാക്കാലാണ് കോടതി ഇക്കാര്യം ആവശ്യപ്പെട്ടത്.

പോളിങ് സ്റ്റേഷനുകളിൽ നിശ്ചയിച്ചിരിക്കുന്ന വോട്ടർമാരുടെ എണ്ണം വർധിപ്പിച്ചത് നീണ്ടനിര രൂപപ്പെടുത്തുമെന്നും സമയ നഷ്ടം ഓർത്ത് വോട്ട് ചെയ്യാനെത്തുന്നവരുടെ എണ്ണം കുറഞ്ഞേക്കുമെന്നും കാണിച്ച് ഇന്ദു പ്രകാശ് സിങ് സമർപ്പിച്ച പൊതുതാല്പര്യ ഹർജിയിലാണ് നടപടി. ദുർബല വിഭാഗങ്ങൾ വോട്ടിങ് പ്രക്രിയയിൽ നിന്ന് പുറത്താകാനും കാരണമാകുമെന്ന് ഹർജിയിൽ പറയുന്നു. തെരഞ്ഞെടുപ്പ് കമ്മിഷന്റെ നടപടി ഏതെങ്കിലും ഔദ്യോഗിക കണക്കുകളെ അടിസ്ഥാനപ്പെടുത്തിയല്ലെന്നും ഹർജി ചൂണ്ടിക്കാണിക്കുന്നു.

2019 മുതൽ ഓരോ പോളിങ് സ്റ്റേഷനുകളും 1,500 വോട്ടർമാരെ വീതമാണ് അനുവദിക്കുന്നത്. ഇതുവരെ ഒരു പരാതി പോലും ഇക്കാര്യത്തിലുണ്ടായിട്ടില്ലെന്ന് തെരഞ്ഞെടുപ്പ് കമ്മിഷന് വേണ്ടി കോടതിയിൽ ഹാജരായ മുതിർന്ന അഭിഭാഷകൻ മനീന്ദർ സിങ് പറഞ്ഞു. എല്ലാവരും കൂടി വൈകിട്ട് മൂന്ന് മണിക്ക് വോട്ട് ചെയ്യാനെത്തുന്നതിന് എന്തുചെയ്യാൻ കഴിയുമെന്നും അദ്ദേഹം ചോദിച്ചു. ഇവിഎം സംബന്ധിച്ച് നിരവധി ആരോപണങ്ങൾ നിലനിൽക്കുന്നുണ്ട്. അതിനാൽ തന്നെ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള നോട്ടീസ് അയയ്ക്കരുതെന്നും അദ്ദേഹം കോടതിയോടെ അഭ്യർത്ഥിച്ചു. തുടർന്നാണ് ജനുവരി 27ന് കേസ് പരിഗണിക്കുന്നതിന് മുമ്പ് വിശദീകരണം നൽകണമെന്ന് കോടതി വാക്കാൽ ആവശ്യപ്പെട്ടത്.

1957 മുതൽ 2016 വരെ ഒരു പോളിങ് സ്റ്റേഷനിൽ 1,200 വോട്ടർമാരെയായിരുന്നു അനുവദിച്ചിരുന്നത്. 11 മണിക്കൂറാണ് വോട്ട് ചെയ്യാനുള്ള അനുമതി. ഇതിൽ മുതൽ 90 സെക്കന്റ് വരെയാണ് ഒരു വോട്ട് ചെയ്യാൻ ആവശ്യമായി വരിക. അതായത് ഒരു ഇവിഎം മെഷീനുള്ള പോളിങ് സ്റ്റേഷനിൽ ഒരു ദിവസം 660 വരെ ആളുകൾക്ക് മാത്രമാണ് വോട്ട് ചെയ്യാൻ കഴിയുകയെന്നും ഹർജിക്കാരൻ വാദിച്ചു. ശരാശരി വോട്ടിങ് ശതമാനം 65.70 ആണെങ്കിൽ പോലും ആയിരം വോട്ടർമാരെ കരുതണം. നിലവിൽ പലയിടങ്ങളിലും 85 മുതൽ 90 ശതമാനം വരെ പോളിങ് നടക്കാറുണ്ട്. അങ്ങനെ വരുമ്പോൾ 20 ശതമാനത്തോളം പേർ നീണ്ടനിരയുടെ ഭാഗമായി മാറുമെന്നും ഹർജിയിൽ പറയുന്നു.

# അസൗകര്യങ്ങൾക്ക് നടുവിൽ റൂറൽ വനിതാ സെല്ലിന്റെ പ്രവർത്തനം

കൊട്ടാരക്കര: അസൗകര്യങ്ങൾക്ക് നടുവിൽ കൊല്ലം റൂറൽ വനിതാ സെല്ലിന്റെ പ്രവർത്തനം ജീവനക്കാർക്ക് പീഡനമായി മാറുന്നു. ചോർന്നൊലിക്കുകയാണ് കെട്ടിടം. നിന്നുതിരിയാൻ ഇടമില്ലാത്ത കുടുസുമുറികളാണ്. സർവത്ര ദുരിതംമാത്രം.

2011 ൽ ആണ് കൊട്ടാരക്കര ആസ്ഥാനമാക്കി റൂറൽ വനിതാ സെൽ പ്രവർത്തനം തുടങ്ങിയത്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരായുള്ള അതിക്രമങ്ങളും പീഡനങ്ങളും തടയുന്നതിനുൾപ്പെടെ ലക്ഷ്യമിട്ടാണ് വനിതാ സർക്കിൾ ഇൻസ്പെക്ടറും രണ്ട് എസ്ഐമാരും മതിയായ വനിതാപോലീസ് ഉദ്യോഗസ്ഥരുമടക്കം സജ്ജമാക്കി വനിതാ സെൽ പ്രവർത്തനം തുടങ്ങിയത്.

തകരാറിലായ സർക്കാർ ക്വാർട്ടേഴ്സ് കെട്ടിടത്തിലാണ് പ്രവർത്തനം തുടങ്ങിയത്. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ചെറിയകാലംകൊണ്ട് ശ്രദ്ധേയമായ പ്രവർത്തനം നടത്താനും കഴിഞ്ഞു. ഒരു കെട്ടിടത്തിൽ ഒതുങ്ങുന്നതായിരുന്നില്ല പ്രവർത്തനം.

സമൂഹത്തിൽ പിന്നോക്കാവസ്ഥയിൽ കഴിയുന്നവരെ മുഖ്യധാരയിൽ കൊണ്ടുവരാനും ഗാർഹിക പീഡനങ്ങൾക്ക് വലിയ തോതിൽ അറുതിയുണ്ടാക്കാനും ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കാനും കൗൺസിലിംഗ് അടക്കമുള്ള സൗകര്യങ്ങളൊരുക്കുന്നതിനും വനിതാ സെൽ മുൻകൈയെടുത്തു.

റൂറൽ ജില്ലയിലെ എല്ലാ പോലീസ് സ്റ്റേഷനുകളും വനിതാ സെല്ലിന്റെ പരിധിയിലാണ്. അതുകൊണ്ടുതന്നെ ദിവസവും പരാതിക്കാരുടെ എണ്ണവും കൂടി.

നാളുകൾ കടന്നുപോയതോടെ വനിതാ സെൽ ഓഫീസ് കെട്ടിടം കൂടുതൽ ശോച്യാവസ്ഥയിലേക്ക് നീങ്ങി. ഇപ്പോൾ തീർത്തും ചോർന്നൊലിക്കുന്ന കഴുക്കോലും ഓടുകളും ഇളകിയ പഴഞ്ചൻ കെട്ടിടത്തിൽ ഉദ്യോഗസ്ഥർ വീർപ്പുമുട്ടുകയാണ്.

വനിതാ സർക്കിൾ ഇൻസ്പക്ടർ വിരമിച്ച ശേഷം പുതിയ പോസ്റ്റിംഗ് നടത്തിയിട്ടില്ല. ഒരു എസ്ഐയുടെ ഒഴിവുണ്ട്. നിലവിൽ ഒരു വനിതാ എസ്ഐയ്ക്കാണ് സിഐയുടെ അധികചുമതല. 12 വനിതാ സിവിൽ പോലീസ് ഓഫീസർമാരുമുണ്ട്. ഇതേ കോമ്പൗണ്ടിൽ ഫാമിലി കൗൺസിലിംഗ് സെൻററും പ്രവർത്തിക്കുന്നു. മേൽക്കൂരയ്ക്ക് മുകളിൽ പ്ലാസ്റ്റിക് ഷീറ്റ് വലിച്ചുകെട്ടിയാണ് മഴവെള്ളം വീഴാത്ത സംവിധാനമൊരുക്കിയിട്ടുള്ളത്. കെട്ടിടം ഇടിഞ്ഞുപൊളിഞ്ഞ നിലയിലാണ്. നിന്ന് തിരിയാൻ ഇടമില്ല. ഫയലുകൾ സുരക്ഷിതമായി സൂക്ഷിക്കാൻ സൗകര്യമില്ല. ഒരു വാഹനമുള്ളത് മിക്കപ്പോഴും സ്റ്റാർട്ടാകില്ല. പരിതാപകരമായ അവസ്ഥകളിലും മികച്ച പ്രവർത്തനമാണ് ഉദ്യോഗസ്ഥർ നടത്തുന്നത്.

തൊട്ടടുത്തായി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമിച്ചു. മുഖ്യമന്ത്രിയെത്തി ഉദ്ഘാടനം നടത്തുന്ന വിധത്തിലാണ് ക്രമീകരണം. പോലീസിനും പരിശീലന കേന്ദ്രത്തിനായും കെട്ടിടം ഇവിടെ ഒരുങ്ങുന്നു.

അതിനൊപ്പമാണ് വനിതാ സെല്ലിനും കെട്ടിടം നിർമിക്കുന്നത്. എന്നാൽ മാസങ്ങളായി ഇതിന്റെ നിർമാണം നിലച്ചിരിക്കയാണ്. പുതിയ കെട്ടിടം വരുമെന്ന പ്രതീക്ഷയോടെ കാത്തിരുന്ന ഉദ്യോഗസ്ഥരും ഇപ്പോൾ നിരാശയിലായി.

## വീസ വാഗ്ദാനം നൽകി പണം തട്ടിയയാൾ പിടിയിൽ

ആറ്റിങ്ങൽ: ആറ്റിങ്ങൽ സ്വദേശിനിയും കോടതി ജീവനക്കാരിയുമായ യുവതിയിൽ നിന്നും യുകെ-യിലേക്ക് ജോലി വാഗ്ദാനം നൽകി 14 ലക്ഷത്തോളം രൂപ തട്ടിയെടുത്ത കേസിലെ പ്രതിയെ അറസ്റ്റു ചെയ്തു.

കണ്ണൂർ സ്വദേശിയായ അഭിലാഷ് ഫിലിപ്പ്(38) എന്നയാളാണ് ആറ്റിങ്ങൽ പോലീസിന്റെ പിടിയിലായത്. സ്വന്തമായി ഒരു കമ്പനി ആരംഭിച്ചായിരുന്നു പ്രതി പണം തട്ടിയത്. യുകെയിലും വിദേശ രാജ്യങ്ങളിലും ആകർഷകമായ ശമ്പളം ലഭിക്കുമെന്നും, ജോലി തരപ്പെടുത്തി വീസ നൽകാമെന്നും പ്രതി പരാതിക്കാരിയെ വിശ്വസിപ്പിച്ചിരുന്നു. ഇത് വിശ്വസിച്ചായിരുന്നു യുവതി പണം നൽകിയതെന്ന് പരാതിയിൽ പറയുന്നു.

ടെലിഗ്രാം, ഇൻസ്റ്റാഗ്രാം, ഫെയ്സ് ബുക്ക് തുടങ്ങിയ സാമൂഹിക മാധ്യമങ്ങളിൽ വളരെ ആകർഷകമായ രീതിയിൽ കമ്പനിയുടെ പ്രൊഫൈൽ നിർമിച്ചായിരുന്നു തട്ടിപ്പ് നടത്തിവന്നിരുന്നത്. ഉദ്യോഗാർഥികളെ വിശ്വസിപ്പിച്ച് വ്യാജ സർട്ടിഫിക്കറ്റ് ഓഫ് സ്പോൺസർഷിപ്പ് തരപ്പെടുത്തി പണം കൈപ്പറ്റിയ ശേഷം ഓസ്ട്രേലിയയിലുള്ള കമ്പനിയിലേക്ക് മറ്റൊരു പാർട്ണറുടെ അക്കൗണ്ടിലേക്ക് പണം മാറ്റുകയും ചെയ്തു. നിരവധി ആളുകളിൽ നിന്നും ഏകദേശം 10 കോടിയോളം രൂപ ഇപ്രകാരം തട്ടിയെടുത്തതായി അന്വേഷണത്തിൽ വിവരം ലഭിച്ചതായും പോലീസ് പറയുന്നു.

ആറ്റിങ്ങൽ, കല്ലമ്പലം, വിയ്യൂർ, എറണാകുളം ടൗൺ സൗത്ത്, പുത്തൻവേലിക്കര തുടങ്ങിയ പല പോലീസ് സ്റ്റേഷനുകളിലായി പ്രതിയുടെ പേരിൽ പത്തോളം കേസുകൾ ഉണ്ട്.

## പരിപാവനമായ സ്ഥലത്ത് പ്രതിഷേധം പാടില്ല: ശിശുക്ഷേമ സമിതി ജനറൽ സെക്രട്ടറി

തിരുവനന്തപുരം: ശിശുക്ഷേമ സമിതിയിലെ യൂത്ത് കോൺഗ്രസ് പ്രതിഷേധത്തെ വിമർശിച്ച് ശിശുക്ഷേമസമിതി ജനറൽ സെക്രട്ടറി അരുൺ ഗോപി. പരിപാവനമായ സ്ഥലത്ത് പ്രതിഷേധം പാടില്ലെന്നും പ്രതിഷേധക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.കണ്ണിലെണ്ണ ഒഴിച്ചെന്ന് പോലെയാണ് കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നത്. ക്രൂരത ശ്രദ്ധയിൽ പെട്ടപ്പോൾ തന്നെ ഡ്യൂട്ടിയിലുണ്ടായിരുന്ന ഏഴ് താത്കാലിക ജീവനക്കാരെ പിരിച്ച് വിട്ടു. കുട്ടിയെ അപ്പോൾത്തന്നെ ആശുപത്രിയിലെത്തിച്ച് ചികിത്സ നൽകി. കുട്ടികളെ സംരക്ഷിക്കുന്ന കാര്യത്തിൽ ഒരിഞ്ച് പോലും പിന്നോട്ടില്ല.

ചെറിയ വീഴ്ചകൾ പോലും ഉണ്ടാകാൻ പാടില്ല എന്ന് തന്നെയാണ് നിലപാട്. കുറ്റകൃത്യം ഇവിടെ കൊണ്ട് അവസാനിപ്പിക്കുകയല്ല ചെയ്തത്. മാതൃകാപരമായി പ്രവർത്തിക്കുന്ന സ്ഥാപനമെന്ന നിലയിലാണ് നിയമനടപടിയിലേക്ക് പോയതെന്നും അരുൺ ഗോപി വ്യക്തമാക്കി.

## വളപട്ടണത്തെ കവർച്ച; പ്രതി വേറെ മോഷണം നടത്തിയിട്ടുണ്ടോ എന്നും അന്വേഷണം

കണ്ണൂർ: വളപട്ടണം മന്നയിലെ അരിമൊത്തവ്യാപാരി കെ. പി. അഷ്റഫിന്റെ വീട്ടിൽനിന്നു പണവും സ്വർണവും കവർന്ന കേസിൽ അറസ്റ്റിലായ സി. പി. ലിജേഷ് വേറെ മോഷണം നടത്തിയിട്ടുണ്ടോ എന്നും അന്വേഷണം.

ലിജേഷ് ജില്ലയിൽ മറ്റെവിടെയെങ്കിലും മോഷണങ്ങൾ നടത്തിയിട്ടുണ്ടോയെന്നും പോലീസ് അന്വേഷിക്കുന്നുണ്ട്. കൂടാതെ അഷ്റഫിന്റെ വീട്ടിൽനിന്നു മോഷ്ടിച്ച പണവും സ്വർണവും വേറെ എവിടെയെങ്കിലും ഒളിപ്പിച്ചിട്ടുണ്ടോയെന്നും അന്വേഷിക്കുന്നുണ്ട്. എസിപി ടി. കെ. രത്നകുമാറിന്റെ നേതൃത്വത്തിലുള്ള 19 അംഗ സംഘമാണ് ഒരാഴ്ചയ്ക്കുള്ളിൽ പ്രതിയെ പിടികൂടിയത്.

വെൽഡിംഗ് തൊഴിലാളിയായ ലിജേഷ് വീടിന്റെ കിടപ്പുമുറിയിലെ കട്ടിലിൽ പ്രത്യേക അറയുണ്ടാക്കിയായിരുന്നു മോഷ്ടിച്ച സ്വർണവും പണവും സൂക്ഷിച്ചിരുന്നത്. 1,21,43,000 രൂപയും 267 പവൻ സ്വർണവും പോലീസ് ഇവിടെനിന്നു പിടികൂടിയിട്ടുണ്ട്. 300 പവനും ഒരു കോടി രൂപയും കാണാതായെന്നായിരുന്നു അഷ്റഫിന്റെ മകൻ വളപട്ടണം പോലീസിൽ നൽകിയ പരാതി.

സിസിടിവി ദൃശ്യങ്ങളും വിരലടയാളങ്ങളും ടവർ ലൊക്കേഷനും കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിലാണ് പ്രതി വലയിലായത്. നവംബർ 20ന് രാത്രി എട്ടിനാണ് ലിജേഷ് കവർച്ച നടത്താൻ അഷ്റഫിന്റെ വീടിനുള്ളിൽ കയറിയത്. 8.40 ഓടെ കവർച്ച നടത്തി തിരിച്ചിറങ്ങി. ഇതിനിടയിൽ ലോക്കർ തകർക്കാൻ ഉപയോഗിച്ച ഉളി അവിടെ വച്ച് ലിജേഷ് മറന്നിരുന്നു.

തുടർന്ന് 21ന് രാത്രിയിൽ ഇതേ സമയത്ത് വീണ്ടും അവിടെ കയറിയെങ്കിലും ഉളി കണ്ടെത്താനായില്ല. എന്നാൽ ഉളി എടുക്കാൻ മാത്രമല്ല ബാക്കി മോഷണവസ്തുക്കൾ കൂടി എടുക്കാനാണ് പ്രതി കയറിയതെന്നും പോലീസ് സംശയിക്കുന്നു. അഷ്റഫും കുടുംബവും മധുരയിലെ വിരുത്നഗറിൽ വിവാഹത്തിൽ പങ്കെടുക്കാൻ നവംബർ 19നു രാവിലെ വീട് പൂട്ടി പോയതായിരുന്നു. 24നു രാത്രി തിരിച്ചെത്തിയപ്പോഴാണ് വീടിന്റെ ജനൽ തകർത്ത് അകത്തുകയറിയ മോഷ്ടാവ് ലോക്കറിൽ സൂക്ഷിച്ച പണവും സ്വർണവും കവർന്നതായി അറിയുന്നത്.

## ക്രിസ്മസ് സമർപ്പണത്തിന്റെ സന്ദേശം: മുല്ലക്കര രത്നാകരൻ

കൊട്ടാരക്കര: സകല ജനത്തിനും വേണ്ടിയുള്ള സദ് വാർത്തയായ യേശുക്രിസ്തുവിന്റെ പിറവിത്തിരുനാൾ ആഘോഷം കൊട്ടാരക്കര മാർത്തോമ എപ്പിസ്കോപ്പൽ ജൂബിലി മന്ദിരത്തിന്റെ ആഭിമുഖ്യത്തിൽ ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ കാരൾ ഗാനങ്ങളുടെ അകമ്പടിയോടെ നടന്നു.

മേഖലയിലെ ഈ വർഷത്തെ ആദ്യ ക്രിസ്മസ് ആഘോഷത്തിനാണ് വജ്രജൂബിലി നിറവിലായ ജൂബിലി മന്ദിരം ആതിഥേയത്വം വഹിച്ചത്. മുൻമന്ത്രി മുല്ലക്കര രത്നാകരൻ ഉദ്ഘാടനം ചെയ്തു. വേദനിക്കുന്നവരേയും അശരണരേയും ആശ്വസിപ്പിക്കുവാൻ വിണ്ണിൽ നിന്ന് മണ്ണിലേക്ക് കടന്നുവന്ന ദൈവപുത്രന്റെ ജീവിതം തന്നെ മറ്റുള്ളവർക്കായി സമർപ്പിക്കപ്പെട്ടതായിരുന്നുവെന്നും ത്യാഗനിർഭരമായ സമർപ്പണത്തിന്റെ സന്ദേശവും ദൈവീക ഭാവവും വെളിപ്പെടുന്നത് ആയിരിക്കണം മനുഷ്യജീവിതമെന്നും അദ്ദേഹം ഓർമിപ്പിച്ചു.മാർത്തോമാ സഭ കൊട്ടാരക്കര പുനലൂർ ഭദ്രാസനാധിപൻ ഡോ. തോമസ് മാർ തീത്തോസ് അധ്യക്ഷത വഹിച്ചു. തിരുവല്ല കോറിസ്റ്റേഴ്സ് ഫെലോഷിപ്പ്, ദദ്രാസന ബസ്ക്യാമ്മാ ഫെലോഷിപ്പ്, കുണ്ടറ, ഏനാത്ത് മാർത്തോമാ ഇടവക ഗായക സംഘങ്ങൾ, മന്ദിരം കുടുംബാംഗങ്ങൾ എന്നിവർ കാരൾ സർവീസിനും കുണ്ടറ അഭയം ചിൽഡ്രൻസ് ഹോം കൊറിയോഗ്രാഫിക്കും നേതൃത്വം നൽകി. ജൂബിലി മന്ദിരം സൂപ്രണ്ട് റവ. ഷിബു സാമുവേൽ, റവ. ജോർജ് വർഗീസ്, റവ. ഷിബു ഏബ്രഹാം ജോൺ, റവ. അലക്സാണ്ടർ തോമസ്, ജോർജ് പണിക്കർ എന്നിവർ പ്രസംഗിച്ചു.

# കുറഞ്ഞ സമയത്തിനുള്ളിൽ റിക്കാർഡ് മഴ

പത്തനംതിട്ട: കുറഞ്ഞ സമയത്തിനുള്ളിൽ റിക്കാർഡ് മഴയാണ് പത്തനംതിട്ട ജില്ലയിൽ കഴിഞ്ഞദിവസം ലഭിച്ചത്. ഞായറാഴ്ച പകലാണ് മഴ ഏറ്റവും ശക്തമായത്. 200 മില്ലിമീറ്ററോളം മഴ 24 മണിക്കൂറിനുള്ളിൽ പത്തനംതിട്ട ജില്ലയിൽ ലഭിച്ചു. തുലാവർഷം ആരംഭിച്ചശേഷവും ജില്ലയിൽ മഴയുടെ അളവിൽ മുൻകാലങ്ങളെ അപേക്ഷിച്ച് കുറവാണ് രേഖപ്പെടുത്തിയിരുന്നത്. ഒക്ടോബർ ഒന്നു മുതൽ ഇന്നലെ വരെയുള്ള കണക്കിൽ നാല് ശതമാനം അധികമഴ ലഭിച്ചു. 589.8 മില്ലിമീറ്റർ മഴ പ്രതീക്ഷിച്ച സ്ഥാനത്ത് 615 മില്ലിമീറ്റർ മഴ ലഭിച്ചു. ഈ സീസണിൽ ഇതാദ്യമായാണ് അധികമഴ ലഭിച്ചത്.

ചെറുകുളഞ്ഞിയിൽ 248,വയലയിൽ 233,അത്തിക്കയത്ത് 231 മില്ലിമീറ്ററും മഴ പെയ്തു. പത്തനംതിട്ടയിൽ 80. 2,കോന്നി എസ്റ്റേറ്റ് 84.3,വടശേരിക്കര 131,അയിരൂർ 166.2,കോന്നി 156,കല്ലൂപ്പാറ 128.4,കരിപ്പാൻതോട് 169.2,കുമ്മണ്ണൂർ 158.2,പാടം 105.88 മില്ലിമീറ്റർ എന്നിങ്ങനെയും മഴ ലഭിച്ചു. കിഴക്കൻ മലയോര മേഖലയിൽ കക്കി 81,പമ്പ 68,മൂഴിയാർ 82.4,നിലയ്ക്കൽ 86.4 മില്ലിമീറ്റർ എന്നിങ്ങനെയാണ് മഴ ലഭിച്ചത്.

പമ്പ, അച്ചൻകോവിൽ, മണിമല നദികളിൽ ജലനിരപ്പുയർന്നു. അയിരൂരിൽ 5.53,മാരാമൺ 4.52,ആറന്മുള 4.35,മാലക്കര 2.97 മീറ്റർ എന്നിങ്ങനെയാണ് പമ്പാനദിയിൽ ജലനിരപ്പ്. അച്ചൻകോവിലാറ്റിൽ കോന്നിയിൽ 17.85,പന്തളം 5.94,തുമ്പമൺ 8.13 മീറ്ററുമാണ് ജലനിരപ്പ്. മണിമലയാറ്റിൽ വള്ളംകുളത്ത് 4.25,കല്ലൂപ്പാറയിൽ 4.88 മീറ്ററുമാണ് ഇന്നലെ രാവിലത്തെ ജലനിരപ്പ്.

വൈകുന്നേരത്തോടെ മണിമലയാറ്റിൽ അപകടനിലയിലെത്തിയതോടെ ജാഗ്രതാനിർദേശം നൽകി. മണിമലയാറിന്റെ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറിത്തുടങ്ങിയിരുന്നു. ശബരിഗിരി പദ്ധതിയുടെ സംഭരണികളിൽ ജലനിരപ്പ് 61 ശതമാനം മാത്രമാണ്. ഇത്തവണ കാലവർഷം കഴിഞ്ഞപ്പോഴും സംഭരണികൾ നിറഞ്ഞിരുന്നില്ല.

പത്തനംതിട്ട പിഎം റോഡിൽ മണ്ണാറക്കുളഞ്ഞിക്കും ഉതിമൂടിനും മധ്യേ വെളിയത്തുപടിയിൽ മണ്ണിടിഞ്ഞു. വീടിന്റെ സംരക്ഷണഭിത്തി ഇടിഞ്ഞാണ് റോഡിലേക്ക് മണ്ണു പതിച്ചത്. ഞായറാഴ്ച രാത്രിയാണ് മണ്ണിടിച്ചിലുണ്ടായത്. കല്ലും മണ്ണും റോഡിലേക്കു വീണതോടെ ഗതാഗത തടസം ഉണ്ടായി. ഇന്നലെ രാവിലെ ജെസിബിയുടെ സഹായത്തോടെ മണ്ണുനീക്കം ചെയ്ത് തടസം നീക്കി.

കോടമഞ്ഞ് പുതച്ച് ശബരിമല, മഴയ്ക്ക് ഇന്നലെ പകൽ നേരിയ ശമനമുണ്ടായെങ്കിലും കോടമഞ്ഞ് പുതച്ച അന്തരീക്ഷമായിരുന്നു ശബരിമലയിൽ. ചാറ്റൽ മഴയും മഞ്ഞും കാരണം സന്നിധാനത്തേക്കുള്ള യാത്രയിൽ ഭക്തർക്ക് ബുദ്ധിമുട്ടുകളേറെയുണ്ടായി. എന്നിരുന്നാലും ഇന്നലെ രാവിലെ മുതൽ നല്ല തിരക്കാണ് അനുഭവപ്പെട്ടത്.

രാവിലെ പമ്പാസ്നാനത്തിന് നിയന്ത്രണങ്ങൾ കൊണ്ടുവന്നെങ്കിലും പിന്നീട് ഇതു പിൻവലിച്ചു. പോലീസും ഫയർഫോഴ്സ് സംഘവും കടവുകളിൽ ജാഗ്രത പാലിക്കുന്നുണ്ട്.

കാനനപാതകളിലൂടെ ഭക്തരെ കടത്തിവിടുന്നതിൽ ഇന്നലെ നിയന്ത്രണമുണ്ടായിരുന്നു. കാനനപാത അടച്ചതിനെത്തുടർന്ന് മുഴിക്കൽ, അഴുതക്കടവ്, കാളകെട്ടി പ്രദേശങ്ങളിൽ കാനനപാതകളിൽ കുടുങ്ങിയ അയ്യപ്പഭക്തരെ കെഎസ്ആർടിസി പത്തു ബസുകളിലായി പമ്പയിലെത്തിച്ചു.

## ജിഎസ്ടി വരുമാനം1.82 ലക്ഷം കോടി

ന്യൂഡൽഹി: ജിഎസ്ടി വരുമാനത്തിൽ ഗണ്യമായ വർധന. നവംബറിൽ രാജ്യത്താകെ 1.82 ലക്ഷം കോടി രൂപയാണ് ജിഎസ്ടി വരുമാനമായി ലഭിച്ചത്. കഴിഞ്ഞ വർഷത്തേ അപേക്ഷിച്ച് 8.5 ശതമാനത്തിന്റെ വർധനയാണ് ഇത്തവണ രേഖപ്പെടുത്തിയിരിക്കുന്നത്. സിജിഎസ്ടി 34,141 കോടി രൂപയും സംസ്ഥാനങ്ങൾക്കുള്ള ജിഎസ്ടിയായ എസ്ജിഎസ്ടി 43,047 കോടി രൂപയുമായി. സംയോജിത ഐജിഎസ്ടി 91,828 കോടി രൂപയും സെസ് 13,253 കോടി രൂപയുമാണ് കഴിഞ്ഞ മാസം ലഭിച്ചത്. ഒക്ടോബറിൽ ശേഖരിച്ച ജിഎസ്ടി 1.87ലക്ഷം കോടി ആയിരുന്നു.കേരളത്തിലെ ജിഎസ്ടി വരുമാനത്തിൽ 10 ശതമാനത്തിന്റെ വർധനയാണ് ഉണ്ടായിരിക്കുന്നത്. 2,763 കോടി രൂപയാണ് നവംബറിൽ വരുമാനം. കഴിഞ്ഞ വർഷമിത് 2,515 കോടി രൂപയായിരുന്നു.

## സ്ത്രീധനം ആവശ്യപ്പെട്ട് നവവധുവിന് ക്രൂരപീഡനം

കൊല്ലം: കുണ്ടറയിൽ സ്ത്രീധനം ആവശ്യപ്പെട്ട് യുവതിയെ ഭർത്താവ് ക്രൂരമായി മർദിച്ചതായി പരാതി. ഏഴ് ദിവസം മുൻപ് വിവാഹം കഴിഞ്ഞ യുവതിക്കാണ് ക്രൂര മർദനമേറ്റത്. ഭർത്താവ് പേരയം സ്വദേശി നിതിനെതിരെ കുണ്ടറ പോലീസ് ഗാർഹിക പീഡനത്തിന് കേസെടുത്തു. നിതിൻ സ്ത്രീധനം ആവശ്യപ്പെട്ട് യുവതിയെ ഭീഷണിപ്പെടുത്തുന്ന ശബ്ദസന്ദേശം പോലീസിന് ലഭിച്ചു.

കഴിഞ്ഞ മാസം 25 നാണ് പേരയം സ്വദേശിയായ നിതിനും നാന്തിരിക്കൽ സ്വദേശിയായ ഇരുപത്തിയൊൻപതുകാരിയും തമ്മിൽ വിവാഹം നടന്നത്. 10 വർഷത്തെ പ്രണയത്തിനൊടുവിലാണ് ഇരുവരും വിവാഹിതരായത്. 20 പവൻ സ്വർണാഭരണം യുവതിയുടെ വീട്ടുകാർ നൽകിയിരുന്നു. വിവാഹശേഷം നാലാം നാൾ സ്വർണാഭരണം എവിടെയെന്ന് ഭർത്താവ് നിതിൻ ചോദിച്ചു. പണയം വച്ചെന്ന യുവതിയുടെ മറുപടി കേട്ട നിതിൻ, കിടപ്പുമുറിയിൽ ക്രൂരമായി മർദിച്ചെന്നാണ് പരാതി. മർദനത്തിന്റെ പാടുകൾ യുവതിയുടെ ശരീരത്തിലുണ്ട്.

പത്തനംതിട്ട കൊടുമണ്ണിൽ ബിവറേജസ് മദ്യശാലയിലെ ജീവനക്കാരനാണ് നിതിൻ. അതേസമയം, സ്ത്രീധനം ആവശ്യപ്പെട്ടെന്നുള്ള പരാതി വ്യാജമാണെന്ന് നിതിന്റെ കുടുംബം വ്യക്തമാക്കി. യുവതി നിതിനെ ആക്രമിച്ചതായും ആരോപണമുണ്ട്. യുവതിയുടെ പരാതിയിൽ ഗാർഹിക പീഡനത്തിന് നിതിനെതിരെ കേസെടുത്തതായി കുണ്ടറ പോലീസ് അറിയിച്ചു.

## കളർകോട് അപകടം; കെഎസ്ആർടിസി ഡ്രൈവർക്കെതിരെ കേസ്

ആലപ്പുഴ: കെഎസ്ആർടിസി ബസും കാറും കൂട്ടിയിടിച്ച് അഞ്ച് മെഡിക്കൽ വിദ്യാർഥികൾ മരിച്ച സംഭവത്തിൽ കെഎസ്ആർടിസി ഡ്രൈവറെ പ്രതിയാക്കി പോലീസ് കേസ് എടുത്തു. അലക്ഷ്യമായി വാഹനം ഓടിച്ചതിനാണ് കെഎസ്ആർടിസി ഡ്രൈവർക്കെതിരെ പോലീസ് കേസെടുത്തിരിക്കുന്നത്.

കെഎസ്ആർടിസി ഡ്രൈവറുടെ അശ്രദ്ധയാണ് അപകട കാരണമെന്നാണ് ആദ്യം ലഭിച്ച വിവരം. സിസിടിവി ദൃശ്യങ്ങളുടെയും മൊഴികളുടെയും അടിസ്ഥാനത്തിൽ ഇതിൽ മാറ്റം വരുമെന്നും പോലീസ് വിശദീകരിച്ചു.

തിങ്കളാഴ്ച രാത്രിയിലുണ്ടായ അപകടത്തിൽ പാലക്കാട് സ്വദേശി ശ്രീദേവ് വത്സൻ, മലപ്പുറം കോട്ടക്കൽ സ്വദേശി ദേവനന്ദൻ, കണ്ണൂർ സ്വദേശി മുഹമ്മദ് അബ്ദുൽ ജബ്ബാർ, ലക്ഷദ്വീപ് സ്വദേശി മുഹമ്മദ് ഇബ്രാഹിം, കോട്ടയം സ്വദേശി ആയുഷ് ഷാജി എന്നിവരാണ് മരിച്ചത്.

# ഹൈക്കോടതി ജഡ്ജി നേരിട്ട് ഇടപെട്ട് നഗരത്തിലെ ഫ്ളക്സ് ബോർഡുകൾ നീക്കി

കൊല്ലം: ഹൈക്കോടതി ജഡ്ജി നേരിട്ട് ഇടപെട്ട് കൊല്ലം നഗരത്തിലെ ഫ്ളക്സ് ബോർഡുകൾ നീക്കം ചെയ്യിച്ചു. കൊല്ലത്തെ കോടതി സമുച്ചയം ഉദ്ഘാടനം ചെയ്യാനെത്തിയ ജസ്റ്റിസ് ദേവൻ രാമചന്ദ്രനാണ് കഴിഞ്ഞദിവസം കോർപ്പറേഷൻ സെക്രട്ടറിയെ വിളിച്ചു വരുത്തി കാഴ്ച മറയ്ക്കുന്ന ഫ്ളക്സ് ബോർഡുകൾ ഉടൻ നീക്കം ചെയ്യാത്തതിൽ നടപടി ഉണ്ടാകുമെന്ന് അറിയിച്ചത്.

കൊല്ലത്ത് എത്തിയ ഹൈക്കോടതി ജഡ്ജിയെ വരവേറ്റ് നഗരത്തിൽ മുഴുവൻ കാഴ്ച മറയ്ക്കുന്ന തരത്തിലുള്ള നിരവധി ഫ്ളക്സ് ബോർഡുകളായിരുന്നു.

ചിന്നക്കട പിഡബ്ല്യുഡി റെസ്റ്റ് ഹൗസിൽ വിശ്രമിക്കാനെത്തിയപ്പോഴാണ് ഇത്തരം ബോർഡുകൾ അദ്ദേഹം കാണാനിടയായത്. ഉടനേ കോർപ്പറേഷൻ സെക്രട്ടറി ഡി. സാജുവിനെ വിളിച്ചുവരുത്തി താക്കീത് ചെയ്തു. രണ്ടര ലക്ഷം രൂപ പിഴ ഈടാക്കുമെന്ന് ജഡ്ജി അറിയിച്ചു.

24 മണിക്കൂറിനകം ഫ്ളക്സ് ബോർഡുകൾ നീക്കം ചെയ്യാമെന്ന് സെക്രട്ടറി പറഞ്ഞെങ്കിലും ജഡ്ജി സമ്മതിച്ചില്ല. പെട്ടെന്ന് നടപടിയെടുത്തശേഷം റിപ്പോർട്ട് ചെയ്യണമെന്ന് ജസ്റ്റിസ് നിർദേശിച്ചതിനെതുടർന്ന് അര മണിക്കൂറിനകം ചിന്നക്കട ട്രാഫിക് റൗണ്ടിലെ മുഴുവൻ ബോർഡുകളും നീക്കം ചെയ്തു. 3.15 ഓടെ മറ്റ് ബോർഡുകളും കോർപ്പറേഷൻ സെക്രട്ടറിയുടെ നേതൃത്വത്തിൽ നീക്കം ചെയ്തു. പിന്നീട് നഗരത്തിലെ ഇത്തരം കാഴ്ച മറയ്ക്കുന്ന മറ്റു ബോർഡുകളും മാറ്റി.

## അന്താരാഷ്ട്ര സാഹിത്യ സാംസ്കാരിക ഉത്സവം; സ്റ്റാർട്ടപ്പ് ഫോറം ശ്രദ്ധേയമായി

കൊല്ലം: അന്താരാഷ്ട്ര സാഹിത്യ സാംസ്കാരിക ഉത്സവത്തിൽ മൂന്നാം ദിനം സംഘടിപ്പിച്ച സ്റ്റാർട്ടപ്പ് ഫോറം നിറഞ്ഞ വേദിയും പങ്കാളിത്തവും കൊണ്ടു ശ്രദ്ധേയമായി. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി, സാംസ്കാരിക വകുപ്പ്, ജില്ലാ ലൈബ്രറി കൗൺസിൽ എന്നിവരുമായി സഹകരിച്ച് സംഘടിപ്പിച്ചത്. ശ്രീനാരായണ ഗുരു ഓപ്പൺ സർവകലാശാല സൈബർ കൺട്രോളർ ഡോ. എം. ജയമോഹൻ സ്വാഗതം പറഞ്ഞു. കേരള സ്റ്റാർട്ടപ്പ് മിഷൻ സിഇഒ അനൂപ് അംബിക മോഡറേറ്റർ ആയിരുന്നു. വൈസ് ചാൻസലർ ഡോ. ജഗതി രാജ്, ട്രിനിറ്റി എൻജിനീയറിംഗ് കോളജ് പ്രിൻസിപ്പൽ ഡോ. അരുൺ സുരേന്ദ്രൻ, സംരംഭക ഡോ. ലിനി ബേസിൽ, റിവൈർ ഗ്ലോബൽ കമ്പനി സിഇഒ ടീന ജയിംസ്, ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി പട്ടാമ്പി റീജിയണൽ സെൻറർ ഡയറക്ടർ ഡോ. ജോജോമോൻ എന്നിവർ കുട്ടികളുമായി സംവദിച്ചു.